പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

## ഇരുപത്തൊന്നാമത് റിപ്പോർട്ട്

(2014 ഫെബ്രുവരി 6–ാം തീയതി സമർപ്പിച്ചത്)

കേരള വാട്ടർ അതോറിറ്റി ക്വാളിഫൈഡ് ഓപ്പറേറ്റിംഗ് സ്റ്റാഫ് യൂണിയൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

## ഇരുപത്തൊന്നാമത് റിപ്പോർട്ട്

(2014 ഫെബ്രുവരി 6–ാം തീയതി സമർപ്പിച്ചത്)

കേരള വാട്ടർ അതോറിറ്റി ക്വാളിഫൈഡ് ഓപ്പറേറ്റിംഗ് സ്റ്റാഫ്
യൂണിയൻ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ
തയ്യാറാക്കിയത്

387/2014.

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)

## ഘടന

ചെയർമാൻ :

ശ്രീ. എം. ഉമ്മർ

അംഗങ്ങൾ :

ശ്രീ. വി. ചെന്താമരാക്ഷൻ

,, പാലോട് രവി ഗോപകുമാർ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ്

,, എൻ. എ. നെല്ലിക്കുന്ന്

,, സാജു പോൾ

,, എ. കെ. ശശീന്ദ്രൻ

,, വി. ശിവൻകുട്ടി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എം. നാരായണൻ പോറ്റി, അഡീഷണൽ സെക്രട്ടറി

,, ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി എസ്. രമാദേവി അമ്മ, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഇരുപത്തൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാനത്തെ വാട്ടർ അതോറിറ്റിയിലെ പ്രൊമോഷൻ വ്യവസ്ഥകൾ പ്രതിപാദിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള 18-3-2004 തീയതിയിലെ ജി. ഒ. (പി) നമ്പർ 18/04/ഡബ്ള്യൂ.ആർ.ഡി. നമ്പർ ഉത്തരവിൽ പറയുന്ന പ്രകാരം ഓപ്പറേറ്റർ തസ്തികയിലെ ഉയർന്നതലത്തിലുള്ള ഹെഡ് ഓപ്പറേറ്റർ, മെക്കാനിക്കൽ സൂപ്രണ്ട് അതിനുമുകളിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക എന്നിവയിലേക്കുള്ള പ്രൊമോഷൻ നടക്കുന്നില്ലെന്നും അതിനാൽ മേൽപ്പറഞ്ഞ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തിക്കൊണ്ട് ഓപ്പറേറ്റർമാരുടെ പ്രൊമോഷൻ വൈകാതെ നടത്തുന്നതിന് സഹായകമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് 16-7-2005-ൽ കേരള വാട്ടർ അതോറിറ്റിയിലെ ക്വാളിഫൈഡ് ഓപ്പറേറ്റിംഗ് സ്റ്റാഫ് യൂണിയൻ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി മുമ്പാകെ നിവേദനം നൽകുകയുണ്ടായത്. നിവേദനം സമിതി പരിഗണനയ്ക്ക് എടുക്കുകയും ജലവിഭവവകുപ്പ് സെക്രട്ടറി, വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ, യൂണിയൻ പ്രതിനിധികൾ എന്നിവരിൽനിന്ന് പരാതിക്കാധാരമായ വിഷയത്തെ സംബന്ധിച്ച് 4-2-2009, 25-2-2013, 1-10-2013 എന്നീ തീയതികളിൽ തെളിവെടുപ്പുനടത്തുകയും ചെയ്തു. ചർച്ചാവേളകളിൽ സമിതിക്ക് ലഭിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2014 ഫെബ്രുവരി 4-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. ഉമ്മർ,
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 6.

# റിപ്പോർട്ട്

1. സംസ്ഥാനത്തെ വാട്ടർ അതോറിറ്റിയിലെ പ്രൊമോഷൻ വ്യവസ്ഥകൾ പ്രതിപാദിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള 18-3-2004 തീയതിയിലെ ജി. ഒ. (പി) നമ്പർ 18/04/ഡബ്ള്യൂ.ആർ.ഡി. നമ്പർ ഉത്തരവിൽ പറയുന്നപ്രകാരം ഓപ്പറേറ്റർ തസ്തികയിലെ ഉയർന്നതലത്തിലുള്ള ഹെഡ് ഓപ്പറേറ്റർ, മെക്കാനിക്കൽ സൂപ്രണ്ട് അതിനുമുകളിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ തസ്തിക എന്നിവയിലേക്കുള്ള പ്രൊമോഷൻ നടക്കുന്നില്ലെന്നും അതിനാൽ മേൽപ്പറഞ്ഞ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തിക്കൊണ്ട് ഓപ്പറേറ്റർമാരുടെ പ്രൊമോഷൻ വൈകാതെ നടത്തുന്നതിന് സഹായകമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് 16-7-2005-ൽ കേരള വാട്ടർ അതോറിറ്റിയിലെ ക്വാളിഫൈഡ് ഓപ്പറേറ്റിംഗ് സ്റ്റാഫ് യൂണിയൻ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി മുമ്പാകെ നിവേദനം നൽകിയത്. (അനുബന്ധം-1)

2. കേരള വാട്ടർ അതോറിറ്റിയിലെ ആകെ ജീവനക്കാരിൽ 25%-ത്തോളം അവിടത്തെ പമ്പ് ഹൗസുകളിലും പ്ലാന്റുകളിലും ജോലിചെയ്യുന്ന ഓപ്പറേറ്റർമാരാണ്. ഇവരുടെ പ്രൊമോഷൻ തസ്തികകൾ ഓപ്പറേറ്റർ-ഹെഡ് ഓപ്പറേറ്റർ-മെക്കാനിക്കൽ സൂപ്രണ്ട്-അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്ന രീതിയിലാണ്. മുൻകാലങ്ങളിൽ മേൽപ്പറഞ്ഞ രീതിയിൽ പ്രൊമോഷൻ നൽകുന്നുണ്ടായിരുന്നുവെങ്കിലും 1993-നു ശേഷം ഈ പരാതി സമിതിക്ക് നൽകുന്നതുവരെയും (അതായത് 2005 വരെയും) 4 ഹെഡ് ഓപ്പറേറ്റർമാരെ മാത്രമേ മെക്കാനിക്കൽ സൂപ്രണ്ടായി പ്രൊമോട്ട് ചെയ്തിട്ടുള്ളൂവെന്നും അതിൽ ഒരാളെ മാത്രമേ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി പ്രൊമോട്ട് ചെയ്തിട്ടുള്ളൂവെന്നും പറഞ്ഞിരിക്കുന്നു. 1993-ൽ പ്രൊമോഷൻ നൽകിയ 365 ഹെഡ് ഓപ്പറേറ്റർമാരിൽ റിട്ടയർചെയ്യാതെ നിലവിൽ 10 പേർ മാത്രമേയുള്ളൂവെന്നും 2004-ലെ ഉത്തരവ് അനുസരിച്ച് മൊത്തം ഓപ്പറേറ്റർമാരിൽ 20% ഹെഡ് ഓപ്പറേറ്റർമാർ ആയിരിക്കണമെന്ന് ചട്ടപ്രകാരം വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ഈ അനുപാതത്തിൽ 1/100 ഭാഗം പോലും ജീവനക്കാർ നിലവിൽ വാട്ടർ അതോറിറ്റിയിൽ ഹെഡ് ഓപ്പറേറ്ററായി ഇല്ലായെന്നും മെക്കാനിക്കൽ സൂപ്രണ്ട്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ പ്രൊമോഷൻ തസ്തികകളിലും ഒരു ഓപ്പറേറ്ററും ഇല്ലായെന്നും 10 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള 1000-ൽപ്പരം ഓപ്പറേറ്റർമാർ അതോറിറ്റിയിൽ ഉണ്ടെങ്കിലും അവരിൽ 50-ൽ താഴെപ്പേർ മാത്രമേ ഹെഡ് ഓപ്പറേറ്റർ തസ്തികയിലുള്ളൂവെന്നും പ്രസ്തുത പരാതിയിൽ പറഞ്ഞിരുന്നു. ആയതിനാൽ 2004-ലെ ഉത്തരവുപ്രകാരം 5 ഓപ്പറേറ്റർമാർക്ക് 1 ഹെഡ് ഓപ്പറേറ്റർ എന്ന നിലയിൽ ഹെഡ് ഓപ്പറേറ്ററായി സ്ഥാനക്കയറ്റവും 6 മെക്കാനിക്കൽ സൂപ്രണ്ടിന്റെ ഒഴിവും അതിനുമുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒഴിവും ഓപ്പറേറ്റർമാരിൽനിന്നും നികത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്ന് സമിതി മുമ്പാകെ യൂണിയൻ അഭ്യർത്ഥിച്ചിരുന്നു.

3. യൂണിയൻ സമർപ്പിച്ച പരാതി 3-9-2005-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയുണ്ടായി. 1986-ലെ വാട്ടർ സപ്ലൈ ആന്റ് സിവറേജസ് ആക്റ്റ് നിലവിൽ വന്നശേഷം പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റാണ് കേരള വാട്ടർ അതോറിറ്റി എന്ന പേരിൽ മാറിയത്. കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ 1975-ലെ The Kerala Public Health Engineering Subordinate Service Special Rules-ഉം The Kerala Public

Health Engineering Service Special Rules-ഉം അനുസരിച്ചാണ് നിയമനവും പ്രൊമോഷനും നടത്തിവരുന്നതെന്നാണ് സമിതിക്ക് മനസ്സിലായത്. പ്രസ്തുത പരാതിയിൽ ജലവിഭവ വകുപ്പിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെടാൻ സമിതി തീരുമാനിക്കുകയും ചെയ്തു. ഇതോടൊപ്പം 12-12-2007-ന് യൂണിയൻ സമർപ്പിച്ച മറ്റൊരു ഹർജികൂടി സമിതി വകുപ്പിന് അയച്ചുകൊടുത്തു. ആയതിൻപ്രകാരം പ്രസ്തുത വകുപ്പിൽനിന്നും 20-6-2008 തീയതിയായി ലഭിച്ച കത്തിനോടൊപ്പമുള്ള മറുപടി (അനുബന്ധം-2) 2009 ജനുവരി 21-ാം തീയതി ചേർന്ന സമിതിയോഗം പരിഗണിക്കുകയും സർക്കാരിൽനിന്നും ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ജലവിഭവ വകുപ്പ് ഉദ്യോഗസ്ഥരിൽനിന്നും യൂണിയൻ ഭാരവാഹികളിൽനിന്നും 2009 ഫെബ്രുവരി 4-ാം തീയതി തെളിവെടുപ്പ് നടത്തുകയുമുണ്ടായി. തദവസരത്തിൽ 1998-ൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റാണ് അവസാനമായി പ്രസിദ്ധീകരിച്ചിട്ടുള്ളത് എന്ന് കണ്ടെത്തിയ സമിതി ഓപ്പറേറ്റർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷമാണോ പ്രൊമോഷൻ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതെന്നും യോഗ്യതയുടെ അടിസ്ഥാനത്തിലല്ലേ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതെന്നും ആരാഞ്ഞതിന് സീനിയോറിറ്റി ലിസ്റ്റ് ഓരോ വർഷവും പ്രസിദ്ധീകരിക്കാത്തതിനാൽ ആയത് പുതുക്കി പ്രസിദ്ധീകരിക്കുന്നതിലേക്കായി (up-to-date ആക്കാൻ) സീനിയോറിറ്റി സെല്ലിനെ ഏൽപ്പിച്ചിരിക്കുകയാണെന്നും നിശ്ചിത യോഗ്യതയിൽ ഇളവുനൽകി എൻ. എം. ആർ. ജീവനക്കാരെ റഗുലറൈസ് ചെയ്തതിനാൽ യോഗ്യതയില്ലാത്തവരും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അങ്ങനെയുള്ളവരെ ഓപ്പറേറ്റർ വരെയുള്ള തസ്തികയിലേ നിയമിക്കാവൂ എന്ന് പ്രത്യേകമായി ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ലാത്തതിനാൽ അതിനു മുകളിലുള്ള തസ്തികയിലേക്കുള്ള അവരുടെ നിയമനവും നിയന്ത്രിക്കാൻ കഴിയാതെ വരുന്നുവെന്നും കേരള വാട്ടർ അതോറിറ്റി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സമിതി മുമ്പാകെ ബോധിപ്പിച്ചിരുന്നു.

4. ഓപ്പറേറ്റർ ജോലിക്ക് ജലസംസ്കരണം, ശുദ്ധീകരണം, വിതരണം എന്നിവയെ കുറിച്ച് അറിഞ്ഞിരിക്കണമെന്ന് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ടെന്നും എല്ലാ യോഗ്യത യോടുംകൂടി സർവ്വീസിൽ പ്രവേശിക്കുന്ന പല ജീവനക്കാർക്കും അതേ പോസ്റ്റിലിരുന്ന് വിരമിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളതെന്നും യൂണിയൻ ഭാരവാഹികൾ സമിതിയെ അറിയിച്ചു.

5. നിശ്ചിത യോഗ്യതയില്ലാത്ത എൻ.എം.ആർ. ജീവനക്കാരെ റഗുലറൈസ് ചെയ്തതിനാൽ യോഗ്യതയില്ലാത്തവർ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അങ്ങനെയുള്ള ഓപ്പറേറ്റർമാർ സീനിയറായി ഉള്ളതിനാൽ എല്ലാ യോഗ്യതകളോടുംകൂടി പി.എസ്.സി. വഴി സർവ്വീസിൽ പ്രവേശിക്കുന്ന ഓപ്പറേറ്റർമാർക്ക് പ്രൊമോഷൻ ലഭിക്കുക ബുദ്ധിമുട്ടാണെന്നും സമിതിക്ക് ബോദ്ധ്യപ്പെട്ടു.

6. പ്രൊമോഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുമുമ്പ് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്നതാണ് ചട്ടമെന്നും അതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണ മെന്നും ആ വേളയിൽ സമിതി നിർദ്ദേശിച്ചിരുന്നു.

7. മെക്കാനിക്കൽ സൂപ്രണ്ട് (ഹയർ ഗ്രേഡ്) എന്ന തസ്തിക ചട്ടത്തിലില്ലെന്നും ശമ്പള പരിഷ്കരണ ഉത്തരവ് അനുസരിച്ച് ഗ്രേഡ് നൽകുകയാണെന്നും പ്രസ്തുത തസ്തികയിലുള്ള ജീവനക്കാർക്ക് അസി. എഞ്ചിനീയർക്ക് തുല്യമായ ശമ്പള സ്കെയിലാണെന്നും വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ അറിയിച്ചു. മെക്കാനിക്കൽ

സൂപ്രണ്ട്, എ. ഇ. തസ്തികകൾ തുല്യമായിരുന്നുവെന്നും ശമ്പളപരിഷ്കരണത്തിൽ വന്ന അപാകതമൂലം മെക്കാനിക്കൽ സൂപ്രണ്ട് ഹയർ ഗ്രേഡ് ആണ് ഇപ്പോൾ എ.ഇ. പോസ്റ്റിന് തുല്യമായിട്ട് നിൽക്കുന്നതെന്നും മെക്കാനിക്കൽ സൂപ്രണ്ട് (ഹയർ ഗ്രേഡ്) പ്രൊമോഷൻ പോസ്റ്റാണെന്നും എ. ഒ. സമിതിയെ അറിയിച്ചു. ഒരേ കാര്യംതന്നെ രണ്ട് രീതിയിൽ ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ട സമിതി വാട്ടർ അതോറിറ്റിയിലെ ഒഴിവുകൾ നികത്തുന്ന രീതി, സബ് റൂൾ പരിഷ്കരിക്കുന്നതു സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ സമിതിക്ക് നൽകണമെന്ന് വകുപ്പിനെ പ്രതിനിധീകരിച്ചെത്തിയ ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു. കൂടാതെ സ്പെഷ്യൽ റൂൾസ് പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട കരട് ചട്ടങ്ങൾ 2006-ൽ സബ്ജക്റ്റ് കമ്മിറ്റി മുമ്പാകെ നൽകിയത് അപാകതകൾ പരിഹരിക്കുന്നതിനായി തിരിച്ച് വകുപ്പിന് അയച്ചിട്ടുണ്ടെന്ന് സമിതി മനസിലാക്കി.

8. 4-2-2009-ൽ സമിതി ആരാഞ്ഞ അധികവിവരത്തിന് 10-5-2010-ൽ ലഭ്യമാക്കിയ മറുപടി (അനുബന്ധം-3) സമിതിയുടെ 22-9-2010-ലെ യോഗത്തിൽ പരിഗണിക്കുകയും മറുപടി അപൂർണ്ണവും അവ്യക്തവുമാണെന്ന് അഭിപ്രായപ്പെടുകയും വിശദമായ റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആയതിൻപ്രകാരം 12-1-2011-ലെ 24902/സി1/10/ജ.വി.വ. നമ്പർ കത്തുപ്രകാരം ലഭ്യമായ മറുപടി (അനുബന്ധം-4) 15-12-2011-ലെ യോഗത്തിൽ പരിഗണിച്ചു. ആയതിൽ നിലവിൽ പ്രാബല്യത്തിലുള്ള സ്പെഷ്യൽ റൂൾസ് 14-10-1966-ാം തീയതിയിലെ ജി. ഒ. (പി) നമ്പർ 403 ഉത്തരവുപ്രകാരം 8-11-1966-ലെ ഗസറ്റ് വിജ്ഞാപനംവഴി പ്രാബല്യത്തിൽ കൊണ്ടുവന്നതാണെന്നും 1984-ന് മുൻപ് ഈ സ്ഥാപനം പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വകുപ്പ് എന്ന രീതിയിലായിരുന്നു പ്രവർത്തിച്ചതെന്നും ഓപ്പറേറ്ററിൽനിന്നും ഹെഡ് ഓപ്പറേറ്ററായി ഉദ്യോഗക്കയറ്റം നൽകുന്നത് 5:1 എന്ന റേഷ്യോയിലും ഹെഡ് ഓപ്പറേറ്റർ, ഡ്രില്ലർ/ഡ്രില്ലർ മെക്കാനിക് എന്നിവയിൽനിന്നും മെക്കാനിക്കൽ സൂപ്രണ്ട്/മാസ്റ്റർ ഡ്രില്ലർ തസ്തികയിലേക്ക് 1:1 റേഷ്യോയിലാണ് പ്രൊമോഷൻ നൽകുന്നതെന്നും സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നശേഷം ഹെഡ് ഓപ്പറേറ്റർ, മാസ്റ്റർ ഡ്രില്ലർ എന്നീ തസ്തികകളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ സംബന്ധിച്ച രജിസ്റ്ററുകളോ മറ്റു രേഖകളോ പരിപാലിച്ച് പോരാത്തതിനാൽ കണക്കുകളൊന്നും ലഭ്യമല്ലെന്ന് നൽകിയ മറുപടിയും ഹെഡ് ഓപ്പറേറ്റർമാരിൽനിന്നും സ്ഥാനക്കയറ്റംവഴി മെക്കാനിക്കൽ സൂപ്രണ്ട്, അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ നിയമനത്തിന് നിലവിൽ വ്യവസ്ഥയുണ്ടെങ്കിലും അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ തസ്തികയിലേക്ക് പ്രത്യേക ഒഴിവുകൾ നീക്കിവച്ചിട്ടില്ല എന്ന മറുപടിയിലും സമിതി അതൃപ്തി രേഖപ്പെടുത്തി.

9. ജലവിഭവ വകുപ്പിൽനിന്നും രണ്ടുപ്രാവശ്യം ലഭിച്ച മറുപടിയിലും സമിതി അതൃപ്തി രേഖപ്പെടുത്തിയതിനു ശേഷവും ലഭ്യമാക്കിയ അധികവിവരത്തിനുള്ള മറുപടി തൃപ്തികരമല്ലെന്ന് സമിതി വിലയിരുത്തുകയും സമിതിയുടെ ഉദ്ദേശ്യത്തോട് സഹകരിക്കാത്ത നിലപാടാണ് ബന്ധപ്പെട്ട വകുപ്പ് സ്വീകരിക്കുന്നതെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. തെളിവെടുപ്പുവേളയിൽ ബന്ധപ്പെട്ട രേഖകളുമായി സമിതിയുടെ അടുത്ത തെളിവെടുപ്പുയോഗത്തിൽ ഹാജരാകണമെന്ന് വകുപ്പിനോട് ആവശ്യപ്പെടാനും ആ വേളയിൽ സമിതി തീരുമാനിച്ചു.

10. അതേദിവസം യൂണിയൻ സമിതി മുമ്പാകെ സമർപ്പിച്ച പരാതിയിൽ വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള സബോർഡിനേറ്റ് സർവീസ് റൂൾസിനുപകരം ഇപ്പോൾ പരിഗണനയിലുള്ള ടെക്നിക്കൽ സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഓപ്പറേറ്റർമാരുടെ യോഗ്യത താഴ്ത്തിയതായും പല തസ്തികകളുടെയും യോഗ്യത ഉയർത്തിയതായും 31-5-2008-ൽ മെക്കാനിക്കൽ സൂപ്രണ്ടിന്റെ 6 തസ്തികകളിലേക്കും പൂർണ്ണമായും പോസ്റ്റിംഗ് നടത്തിയെങ്കിലും വിരമിക്കൽമൂലമുണ്ടായ 5 മെക്കാനിക്കൽ സൂപ്രണ്ട് തസ്തിക അപ്പോഴും ഒഴിഞ്ഞുകിടക്കുകയാണെന്നും കരട് സ്പെഷ്യൽ റൂൾസിന്റെ അപാകത പരിഹരിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ആയതിനുശേഷം 13-1-2012-ൽ വീണ്ടുമൊരു നിവേദനം സമർപ്പിക്കുകയും ആയതിൽ തെളിവെടുപ്പുസമയത്തു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകിയ മറുപടികൾക്ക് വിരുദ്ധമായാണ് കാര്യങ്ങൾ നടന്നു വരുന്നതെന്ന് ആരോപണം ഉന്നയിക്കുകയും ചെയ്തിരുന്നു. വൈദ്യുതിപ്രധാനമായ ജോലിചെയ്യേണ്ട ഓപ്പറേറ്റർ തസ്തികയ്ക്ക് വൈദ്യുതിയുമായും പ്രസ്തുത ജോലിയുമായും ബന്ധമില്ലാത്ത ട്രേഡുകൾ പ്രവേശന തസ്തികയ്ക്ക് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും പറഞ്ഞിരിക്കുന്നു. കൂടാതെ യൂണിയൻ 4-12-2012 തീയതിയായി സമർപ്പിച്ച പരാതിയിൽ ജല അതോറിറ്റി ടെക്നിക്കൽ സർവ്വീസ് സ്പെഷ്യൽ റൂൾസിൽ ഓപ്പറേറ്റർ തസ്തികയ്ക്കും പ്രൊമോഷൻ ചാനലിനും ഒട്ടനവധി അപാകതകൾ ഉള്ളതായി ചൂണ്ടിക്കാട്ടിയിരുന്നു. സർക്കാർ പുതുതായി കൊണ്ടുവരുന്ന ജല അതോറിറ്റി ടെക്നിക്കൽ സ്പെഷ്യൽ റൂൾസിൽ മെക്കാനിക്കൽ സൂപ്രണ്ടിനു ശേഷം പ്രൊമോഷൻ ചാനൽ സൂചിപ്പിച്ചിട്ടില്ലായെന്നും മെക്കാനിക്കൽ സൂപ്രണ്ടിന്റെ നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിരിക്കുന്ന യോഗ്യത ഏതെങ്കിലും ഡിഗ്രിയോ മെക്കാനിക്കൽ എഞ്ചിനീയറിംഗിലുള്ള ഡിപ്ലോമയോ ആയിരുന്നുവെന്നും എന്നാൽ കരടുചട്ടങ്ങളിൽ നേരിട്ടുള്ള നിയമനത്തെ കുറിച്ച് പരാമർശിച്ചിട്ടില്ലായെന്നും ആയതിനാൽ യോഗ്യതയിൽ ഡിപ്ലോമ ഇൻ ഇലക്ട്രിക്കൽ എന്ന് ചേർക്കുകയും വേണമെന്നും മെക്കാനിക്കൽ സൂപ്രണ്ടിന് സമാന തസ്തികയായ മാസ്റ്റർ ഡ്രില്ലർ/ചീഫ് ഡ്രില്ലർ എന്നിവ അസി. എഞ്ചിനീയർ ആയി തസ്തികമാറ്റം ചെയ്യുവാൻ നിർദ്ദേശിക്കുന്നതിനാൽ ഹെഡ് ഓപ്പറേറ്റർമാർക്ക് പ്രൊമോഷൻ അവസരം പകുതിയായി കുറയുന്നുവെന്നും വ്യക്തമാക്കിയിരുന്നു. ആയതിനാൽ മെക്കാനിക്കൽ സൂപ്രണ്ടിനെയും അസിസ്റ്റന്റ് എഞ്ചിനീയറായി കൺവെർട്ട് ചെയ്യാനും പുതിയ ചട്ടങ്ങളിൽ ഓപ്പറേറ്റർമാരുടെ സമാന യോഗ്യതയുള്ളവർക്ക് സബ് എഞ്ചിനീയർ ആകാൻ അവസരം ലഭിക്കുന്നതുപോലെ ഓപ്പറേറ്റർമാരിൽനിന്നും സബ് എഞ്ചിനീയർ ആകുവാൻ ഹെഡ് ഓപ്പറേറ്റർ തസ്തിക സബ് എഞ്ചിനിയർ എന്ന് തസ്തികമാറ്റം ചെയ്യണമെന്നും നിവേദനത്തിൽ പറഞ്ഞിരിക്കുന്നു. കൂടാതെ 3-7-1999 തീയതിയിലെ ജി.ഒ.(പി) നമ്പർ 47/99/ഐ.ആർ.ഡി. ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയിലെ വിവിധ തസ്തികകളിലെ ഉദ്യോഗസ്ഥൻമാരുടെ ജോലിയും ഉത്തരവാദിത്വങ്ങളും രേഖപ്പെടുത്തിയിരിക്കുന്നതിൽ മെക്കാനിക്കൽ സൂപ്രണ്ടിന്റെ ഉത്തരവാദിത്വം അസിസ്റ്റന്റ് എഞ്ചിനീയറുടേതിന് തുല്യമായി വ്യവസ്ഥ ചെയ്തിരിക്കുന്നു എന്നും അവർ ചൂണ്ടിക്കാണിച്ചു.

11. മേൽ സൂചിപ്പിച്ച പരാതിയിന്മേലും 12-1-2010-ലെ ജലവിഭവ വകുപ്പിൽനിന്നും ലഭ്യമാക്കിയ മറുപടിയിൽ മെക്കാനിക്കൽ സൂപ്രണ്ട്/മാസ്റ്റർ ഡ്രില്ലർ തസ്തികയിൽ നിന്നും അസി. എക്സി. എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രൊമോഷൻ ചാനലിനെക്കുറിച്ച് വ്യക്തമാക്കാത്തതിന്റെ വിശദീകരണവും പരാതി നൽകിയവരിൽ നിന്നും 25-2-2013-ലെ തെളിവെടുപ്പുയോഗത്തിൽ സമിതി വിശദീകരണം ആരായുകയുണ്ടായി.

12. 4-12-2012 തീയതിയായി സമർപ്പിച്ച പരാതിയിൽ ജല അതോറിറ്റി ടെക്നിക്കൽ സർവ്വീസ് കരട് സ്പെഷ്യൽ റൂൾസിൽ ഓപ്പറേറ്റർ തസ്തികയ്ക്കും പ്രൊമോഷൻ ചാനലിനും ഒട്ടനവധി അപാകതകൾ ഉള്ളതായി ചൂണ്ടിക്കാട്ടിയിരുന്നു. കരട് സ്പെഷ്യൽ റൂൾസ് സമിതിയുടെ പരിഗണനയിൽപ്പെടുന്ന വിഷയമല്ലായെന്നതിനാൽ 4-12-2012 ദിവസത്തെ പരാതിയിൽ പറഞ്ഞിരിക്കുന്ന കരട് സ്പെഷ്യൽ റൂൾസിലെ വിഷയം പരിഗണിക്കേണ്ടതില്ലായെന്ന് സമിതി തീരുമാനിച്ചു. ആയതിനുശേഷം പരാതിക്കാരിൽ നിന്ന് വിശദീകരണം ആരായുകയുണ്ടായി.

13. കേരള വാട്ടർ അതോറിറ്റിയിലെ നിലവിലുള്ള 1979-ലെ ടെക്നിക്കൽ സ്പെഷ്യൽ റൂൾസിൽ ഓപ്പറേറ്ററുടെ നേരിട്ടുള്ള നിയമനത്തിനുള്ള അടിസ്ഥാന യോഗ്യത ഐ.ടി.ഐ. (ഇലക്ട്രീഷ്യൻ/മോട്ടോർ മെക്കാനിക്)-ഉം മെക്കാനിക്കൽ സൂപ്രണ്ടിന്റെ നേരിട്ടുള്ള നിയമനത്തിന് എഞ്ചിനീയറിംഗ് ഡിഗ്രി/ഡിപ്ലോമ മെക്കാനിക്കൽ എഞ്ചിനീയറിംഗും ബൈ പ്രൊമോഷനാണെങ്കിൽ ഐ.ടി.ഐ.-യും അങ്ങനെയുള്ളവരുടെ അഭാവത്തിൽ യാതൊരു അടിസ്ഥാനയോഗ്യതയും ഇല്ലാത്തവർക്കും ആകാമെന്നും ഓപ്പറേറ്റർ തസ്തികയുടെ പ്രൊമോഷൻ ചാനൽ ഓപ്പറേറ്റർ-ഹെഡ് ഓപ്പറേറ്റർ-മെക്കാനിക്കൽ സൂപ്രണ്ട്-മെക്കാനിക്കൽ സൂപ്രണ്ട് (ഹയർ ഗ്രേഡ്)-അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്ന രീതിയിലാണെന്നും നിലവിൽ ഹെഡ് ഓപ്പറേറ്ററായി പ്രൊമോഷൻ നൽകുന്നതും മെക്കാനിക്കൽ സൂപ്രണ്ടായി പ്രൊമോഷൻ നൽകുന്നതും യാതൊരു അടിസ്ഥാനയോഗ്യതയും ഇല്ലാത്തവർക്കായതിനാൽ 1979-ലെ സ്പെഷ്യൽ റൂൾ പ്രകാരം പി.എസ്.സി. വഴി ഓപ്പറേറ്ററായി നിയമനം ലഭിച്ചവർക്ക് അതിന്റെ പ്രൊമോഷൻ പോസ്റ്റായ മെക്കാനിക്കൽ സൂപ്രണ്ട് തസ്തിക കിട്ടാതെ പോകുന്ന അവസ്ഥയാണ് നിലനിൽക്കുന്നത് എന്നതിനാൽ റൂളിലെ അപാകത പരിഹരിക്കണമെന്നതാണ് തങ്ങളുടെ ആവശ്യമെന്ന് കേരള വാട്ടർ അതോറിറ്റി ക്വാളിഫൈഡ് സ്റ്റാഫ് ഓപ്പറേറ്റിംഗ് യൂണിയൻ സമിതി മുമ്പാകെ ബോധിപ്പിച്ചു. സമിതിയുടെ മുൻ തെളിവെടുപ്പുയോഗങ്ങളിൽ ഇതേ ആവശ്യം ഉന്നയിച്ചപ്പോൾ പുതിയ ചട്ടങ്ങൾ വരുമ്പോൾ ഇതിന് പരിഹാരമുണ്ടാകുമെന്ന് പറഞ്ഞിരുന്നുവെങ്കിലും ആദ്യമിറങ്ങിയ കരടുചട്ടങ്ങളിൽ ഓപ്പറേറ്റർമാരുടെ വിദ്യാഭ്യാസ യോഗ്യത ഡിപ്ലോമ ഇലക്ട്രിക്കലിനുപകരം ഡ്രാഫ്റ്റ്സ്മാൻ (ഇലക്ട്രിക്കൽ) എന്ന ഒരു ക്ലറിക്കൽ മിസ്റ്റേക്കായിരുന്നത് രണ്ടാമതിറങ്ങിയ കരടുചട്ടങ്ങളിൽ കെ.ജി.സി.ഇ. വരെ ഉൾപ്പെടുത്തി താഴ്ത്തുകയാണ് ചെയ്തതെന്നും ഹെഡ് ഓപ്പറേറ്ററിന്റെയും മെക്കാനിക്കൽ സൂപ്രണ്ടിന്റെയും യോഗ്യത സംബന്ധിച്ച് പുതിയ കരടുചട്ടങ്ങളിൽ പറയാത്തതുകൊണ്ട് ഓപ്പറേറ്റർമാർക്ക് നിലവിലുള്ളതിനെക്കാളും പ്രൊമോഷൻ സാധ്യത ഇല്ലാതാക്കുന്ന രീതിയിലുള്ള ചട്ടമായിരിക്കും നിലവിൽ വരുന്നതെന്നും ആയതിനാൽ ചട്ടങ്ങളിലെ അപാകത പരിഹരിക്കണമെന്നും സമിതി മുമ്പാകെ ബോധിപ്പിച്ചിരുന്നു.

14. വാട്ടർ അതോറിറ്റിയിൽ താൽക്കാലികമായി ജോലിചെയ്ത് 179 ദിവസം പൂർത്തിയാക്കിയ പ്യൂൺ, ഓപ്പറേറ്റർ, പ്ലമ്പർ, ഫിറ്റർ തുടങ്ങിയ ഏതു തസ്തിക കളിൽപ്പെട്ടവരായാലും അവരെ റെഗുലറൈസ് ചെയ്യണമെന്ന 1990-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 1994-ൽ KWA-ൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ യോഗ്യതയിലും വയസ്സിലും ഇളവുനൽകി റഗുലറൈസ് ചെയ്തുവെന്നും പ്രൊമോഷന്റെ കാര്യത്തിലും അത് തുടരണമെന്ന് ഹൈക്കോടതി വിധിയിൽ പറയുന്നുണ്ടെങ്കിലും യോഗ്യതയില്ലാത്തവർക്ക് പ്രൊമോഷൻ നൽകുന്നതിനെതിരെ കോടതിയിൽ പോകാൻ

സാധിക്കില്ലായെന്നും അതിനെക്കുറിച്ച് വിശദമായി പഠിച്ചതാണെന്നും വിദ്യാഭ്യാസ യോഗ്യതയില്ലാത്തതിന്റെ പേരിൽ ഭാവിയിൽവരുന്ന പ്രൊമോഷൻ തടസ്സപ്പെടുത്താൻ പാടില്ലായെന്നതു സംബന്ധിച്ച് ധാരാളം ഹൈക്കോടതി വിധികളുണ്ടെന്നും ഇത്തരത്തിൽ പ്രൊമോഷൻവഴി വന്നിട്ടുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാർ ഇപ്പോൾ ജോലിയിൽ ഇല്ലായെന്നും ജലവിഭവ വകുപ്പ് എം.ഡി. വ്യക്തമാക്കി. എന്നാൽ പുതുതായി ജോലിയിൽ എടുക്കുന്നവരെ നിയമാനുസൃതം തന്നെയാണ് എടുക്കേണ്ടതെന്നും താൽക്കാലികമായി എടുത്ത് സ്ഥിരപ്പെടുത്തുന്നത് ശരിയായ കീഴ്വഴക്കമല്ലെന്നും OP No. 2885/1992 നമ്പർ കേസിൽ ഹൈക്കോടതി വിധിയുള്ളതായി സമിതി മനസ്സിലാക്കുന്നു. (Relevant portion of the Judgment reads as follows: "The Water Authority is bound to follow the Special Rules unless otherwise ordered under Authority of Law.")

15. ഓപ്പറേറ്ററിൽനിന്നും മെക്കാനിക്കൽ സൂപ്രണ്ടായി പ്രൊമോഷൻ കൊടുക്കുന്നുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഓപ്പറേറ്ററിൽനിന്നും ഹെഡ് ഓപ്പറേറ്ററായും മെക്കാനിക്കൽ സൂപ്രണ്ടായും പ്രൊമോഷൻ നൽകുന്നുണ്ടെന്നും മെക്കാനിക്കൽ സൂപ്രണ്ടിന്റെ നേരിട്ടുള്ള നിയമനത്തിന് ഡിഗ്രിയോ ഡിപ്ളോമയോ ഉണ്ടായിരിക്കണമെന്ന് ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ടെന്നും വാട്ടർ അതോറിറ്റി എം.ഡി. വ്യക്തമാക്കി. കൂടാതെ, 6 മെക്കാനിക്കൽ സൂപ്രണ്ടിന്റെ തസ്തികയിൽ 3 എണ്ണം ഓപ്പറേറ്റർമാരുടെ പ്രൊമോഷൻ പോസ്റ്റും ബാക്കി 3-ൽ ഒരെണ്ണം പി.എസ്.സി. വഴി നേരിട്ടുള്ള നിയമനവും രണ്ടാമത്തേത് ഡ്രില്ലറായി ജോലിയിൽ പ്രവേശിച്ചവരുടെ പ്രൊമോഷൻ പോസ്റ്റും ആണെന്നും ഇതുമല്ലെങ്കിൽ 6-ാം ക്ലാസ് പാസ്സായ പമ്പിംഗ് എക്സ്പീരിയൻസ് ഉള്ളവരെ പ്രൊമോട്ട് ചെയ്യണമെന്നുമാണെന്നും വിശദീകരണം നൽകി. ഇത് സ്പെഷ്യൽ റൂൾസിൽ പരാമർശിക്കുന്നതുപോലെയല്ല എന്ന് സമിതിക്ക് മനസിലായി. (അനുബന്ധം 5—സ്പെഷ്യൽ റൂൾസിന്റെ പ്രസക്തഭാഗം)

16. മെക്കാനിക്കൽ സൂപ്രണ്ടിൽനിന്നും എ.ഇ. ആയി പ്രൊമോഷൻ നൽകാത്തതിന്റെ കാരണം ആരാഞ്ഞ സമിതിയോട് എ.ഇ.-ക്കുള്ള ചട്ടങ്ങൾ ഇല്ലാത്തതിനാലാണ് എന്ന് വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ അറിയിച്ചു. ഡ്രില്ലർ/ഡ്രില്ലർ മെക്കാനിക് എന്ന തസ്തികയിൽ നിലവിൽ ആരെങ്കിലും സേവനം അനുഷ്ഠിക്കുന്നുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് പരിശോധിച്ച് വിവരം നൽകാമെന്നും ഉദ്യോഗസ്ഥർ അറിയിച്ചു. ഡ്രില്ലർ/ഡ്രില്ലർ മെക്കാനിക് തസ്തികയിലേക്ക് 1993-നുശേഷം നിയമനം നടത്തിയിട്ടില്ലെന്നും നിയമനം നിർത്തലാക്കുന്നതിനുമുമ്പ് നിയമനം നേടിയവർ ഉള്ളതിനാൽ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള ഹെഡ് ഓപ്പറേറ്റർ, ഡ്രില്ലർ/ഡ്രില്ലർ മെക്കാനിക് തസ്തികയിലുള്ളവർക്ക് പ്രൊമോഷൻ നൽകേണ്ടിവരുമെന്നും അവർ തുടർന്ന് വിശദീകരിച്ചു.

17. സ്പെഷ്യൽ റൂൾസിലെ [G.O.(P) 403 dated 14-10-1966] 2-ാം കാറ്റഗറിയായി ചേർത്തിട്ടുള്ളത് Mechanical Superintendent/Chief Mechanical Foreman/Chief Driller and Master Driller എന്ന തസ്തികയാണെന്നും ഈ സമാന തസ്തികകളിലേക്ക് പ്രൊമോഷൻ നൽകുന്നത് 3-ാം കാറ്റഗറിയായി ചേർത്തിട്ടുള്ള Driller/Driller Mechanic എന്ന തസ്തികയിൽനിന്നും 11-ാം കാറ്റഗറിയായി ചേർത്തിട്ടുള്ള Head Shift Operator/ Head Operator എന്ന തസ്തികയിൽനിന്നും 1:1 റേഷ്യോ പ്രകാരമാണെന്നും സമിതിക്ക് ബോദ്ധ്യമായി. സ്പെഷ്യൽ റൂൾസിലെ [G.O.(P) 612 dated 16-9-1960] 4-ാം കാറ്റഗറിയായി ചേർത്തിട്ടുള്ള Assistant Engineers including Driller Engineer

and Personal Assistant to Superintending Engineer എന്ന തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ [G.O.(P) 403 dated 14-10-1966] 2-ാം കാറ്റഗറിയായി ചേർത്തിട്ടുള്ളവരും ഉൾപ്പെടുമെന്നും സമിതി മനസ്സിലാക്കി. കൂടാതെ ഡ്രില്ലർ തസ്തികയിൽ ആളില്ലാതെ വന്നതിനാൽ മാസ്റ്റർ ഡ്രില്ലർ തസ്തികയിലേക്ക് ഹെഡ് ഓപ്പറേറ്റർമാരിൽനിന്നും പ്രൊമോഷൻ കൊടുക്കാമെന്ന് ഹൈക്കോടതി വിധിയുണ്ടെന്നും (O.P. 1034/93 and 3298/93) സമിതിക്ക് ബോദ്ധ്യപ്പെട്ടു.

18. മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ നിലവിലുള്ള 6 മെക്കാനിക്കൽ സൂപ്രണ്ടിന്റെ തസ്തികകളിലേക്കും പ്രൊമോഷൻ നൽകി സമിതിയെ അറിയിക്കണമെന്നും സമിതിയുടെ ചോദ്യാവലിക്ക് ഉത്തരം എത്രയും പെട്ടെന്ന് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

19. ഓപ്പറേറ്റർ, ഹെഡ് ഓപ്പറേറ്റർ എന്നീ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് 1998-ൽ തയ്യാറാക്കിയത് സമിതിയുടെ 4-2-2009-ലെ യോഗത്തിനു ശേഷം 12 വർഷത്തിനുശേഷം 2010-ൽ മാത്രമാണ് പുതുക്കിയത് എന്ന് സമിതി കണ്ടെത്തി. എന്നാൽ ഒട്ടനവധി അപാകതകൾ പ്രസ്തുത ലിസ്റ്റിൽ കടന്നുകൂടിയിട്ടുള്ള സാഹചര്യത്തിൽ ആയത് അപാകതകൾ പരിഹരിച്ച് പുതുക്കി പ്രസിദ്ധീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

20. തുടർന്ന്, കരടുചട്ടങ്ങളിൽ മെക്കാനിക്കൽ സൂപ്രണ്ടിന്റെ തസ്തിക എ.ഇ. ആയി മാറ്റാതിരിക്കുകയും മാസ്റ്റർ ഡ്രില്ലർ തസ്തിക എ.ഇ. ആയി കൺവെർട്ട് ചെയ്യുകയും വേണമെന്ന ശിപാർശ സംബന്ധിച്ച് ക്വാളിഫൈഡ് ഓപ്പറേറ്റിംഗ് സ്റ്റാഫ് യൂണിയൻ പരാതി ഉന്നയിച്ചു. നിലവിലുള്ള മാസ്റ്റർ ഡ്രില്ലർ തസ്തിക എ.ഇ. ആയി കൺവെർട്ട് ചെയ്യുന്നത് വഴി 3 തസ്തികകൾ ഇല്ലാതാക്കുകയാണ് ചെയ്യുന്നതെന്നും അവർ സൂചിപ്പിച്ചു. നിലവിലുള്ള മാസ്റ്റർ ഡ്രില്ലർ തസ്തികകൾ സമാന തസ്തികയായ മെക്കാനിക്കൽ സൂപ്രണ്ടായി മാറ്റണമെന്നും കരട് റൂളിൽ മാസ്റ്റർ ഡ്രില്ലർ തസ്തികയുടെ സമാന തസ്തികയായ മെക്കാനിക്കൽ സൂപ്രണ്ടിന്റെ തസ്തികയും എ.ഇ. ആയി കൺവെർട്ട് ചെയ്യുകയും ചെയ്താൽ ഈ തസ്തികകളിലെ പ്രൊമോഷൻ സാദ്ധ്യതയ്ക്ക് കോട്ടംതട്ടാത്ത രീതിയിൽ കൈകാര്യം ചെയ്യാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

21. തുടർന്ന് സമിതി 25-2-2013-ലെ യോഗത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾക്കുള്ള മറുപടി (അനുബന്ധം-6) 20-9-2013-ൽ പരിഗണിക്കുകയും പ്രസ്തുത മറുപടിയിലും വിരുദ്ധമായ മറുപടികൾ ഉണ്ടെന്ന് ബോദ്ധ്യമായതിനെത്തുടർന്ന് 1-10-2013-ൽ ജലവിഭവ വകുപ്പ് സെക്രട്ടറിയിൽനിന്നും വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ഉണ്ടായി. അപ്പോഴും മെക്കാനിക്കൽ സൂപ്രണ്ടിന്റെ 6 തസ്തികകളിൽ 4 എണ്ണത്തിൽ മാത്രമേ നിയമനം നടന്നിട്ടുള്ളൂവെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. സമിതിക്ക് 25-2-2013-ൽ നൽകിയ ഉറപ്പ് ഇതുവരെയും പാലിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. വാട്ടർ അതോറിറ്റിയിലെ 25 ശതമാനത്തോളം വരുന്ന ജീവനക്കാരായ ഓപ്പറേറ്റർമാരുടെ പ്രൊമോഷൻ പോസ്റ്റായ ഹെഡ് ഓപ്പറേറ്റർ, മെക്കാനിക്കൽ സൂപ്രണ്ടിന്റെ 6 തസ്തിക എന്നിവയിലേക്കുള്ള പ്രൊമോഷൻ സമയത്ത് നൽകാത്തത് ആ വിഭാഗത്തോടുള്ള കടുത്ത അനീതിയാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

ആയതിനാൽ സ്പെഷ്യൽ റൂൾസ് [G.O.(P) 403 dated 14-10-1966] അനുശാസിക്കുന്ന പ്രകാരവും ഡ്രില്ലർ തസ്തികയിൽ ആളില്ലാതെ വന്നതിനാൽ മാസ്റ്റർ ഡ്രില്ലർ തസ്തികയിലേക്ക് ഹെഡ് ഓപ്പറേറ്റർമാരിൽനിന്നും പ്രൊമോഷൻ കൊടുക്കാമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും മെക്കാനിക്കൽ സൂപ്രണ്ടിന്റെ 6 തസ്തികകളിലേക്കുമുള്ള പ്രൊമോഷൻ താമസംവിനാ നടത്തണമെന്നും ആയത് സംബന്ധിച്ച വിവരം സമിതിയെ രണ്ട് മാസത്തിനുള്ളിൽ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

22. 2005-ൽ സമിതിക്ക് ലഭിച്ച പരാതിയിൻമേൽ നിരവധി തെളിവെടുപ്പുകൾ നടത്തിയിട്ടും നിഷേധാത്മകമായ നിലപാടാണ് ഉദ്യോഗസ്ഥർ കൈക്കൊള്ളുന്നതെന്ന് സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ ഈ വിഷയവുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതപ്പെടുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സത്വരനടപടി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

23. സമിതിയുടെ 25-2-2013-ലെ യോഗത്തിൽ സമിതി ആവശ്യപ്പെട്ടപ്രകാരം സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചോയെന്ന സമിതിയുടെ ചോദ്യത്തിന് 2013 ഏപ്രിൽ മാസത്തിൽ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ആയതിനുശേഷം അതിലെ തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ അവസരം നൽകിയതിനുശേഷം രണ്ടാമത് ഒന്നുകൂടി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അതിലെയും തെറ്റുകൾ തിരുത്തിയതിനുശേഷം ഒക്ടോബർ മാസം 10-ാം തീയതി ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നും ജലവിഭവ വകുപ്പ് സെക്രട്ടറി അറിയിച്ചു. 1998-ൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിനുശേഷം സമിതിയുടെ ഇടപെടൽമൂലമാണ് രണ്ടു പ്രാവശ്യവും പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയതെന്നും സമിതി മനസ്സിലാക്കുന്നു. പ്രൊമോഷൻ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനുമുമ്പ് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കണമെന്നതാണ് ചട്ടമെന്നും സീനിയോറിറ്റി ലിസ്റ്റ് ഇല്ലാതെ എങ്ങനെയാണ് പ്രൊമോഷൻ നൽകുന്നതെന്നതിലും സമിതിക്ക് ആശങ്കയുണ്ട്. 25 വർഷത്തിൽ കൂടുതൽ സർവീസുള്ള പി.എസ്.സി. വഴി നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാർ അതേ തസ്തികയിൽ ഇരുന്ന് വിരമിക്കേണ്ട അവസ്ഥയാണ് ഇന്ന് കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഈ വിഷയത്തെ ബന്ധപ്പെട്ട ജീവനക്കാർ വളരെ ലാഘവത്തോടെയാണ് കൈകാര്യം ചെയ്യുന്നതെന്ന് സമിതിക്ക് അഭിപ്രായമുണ്ട്.

24. ആയതിനാൽ, സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആയതിന്റെ പകർപ്പ് സമിതിക്ക് രണ്ട് മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

25. ജലവിഭവ വകുപ്പിൽനിന്നും ലഭ്യമാക്കിയ ചോദ്യാവലിക്കുള്ള മറുപടിയിൽ മെക്കാനിക്കൽ സൂപ്രണ്ട്/മാസ്റ്റർ ഡ്രില്ലർ എന്നീ തസ്തികയിൽനിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നത് KPHESS സ്പെഷ്യൽ റൂൾസ് അനുശാസിക്കുന്ന നിശ്ചിത യോഗ്യതയുള്ള Mechanical Superintendent/Master Driller-മാരെ Diploma Assistant Engineer-മാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ചേർത്ത് ആ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണെന്ന് പറഞ്ഞിരിക്കുന്നുവെങ്കിലും ഈ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഇതുവരെ മെക്കാനിക്കൽ സൂപ്രണ്ടിൽനിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേക്ക് ആർക്കും ഉദ്യോഗക്കയറ്റം ലഭിച്ചതായി കാണുന്നില്ലായെന്നും പ്രൊമോഷൻ

ചാനൽ വ്യക്തമാക്കിയപ്പോൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക ചേർക്കാൻ വിട്ടുപോയതാണെന്നും ആണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഓപ്പറേറ്റർ ആയി സർവ്വീസിൽ കയറിയ ശ്രീ. ഇബ്രാഹിംകുട്ടി എന്ന ഹെഡ് ഓപ്പറേറ്റർ തുടർന്ന് മാസ്റ്റർ ഡ്രില്ലറായി ആലപ്പുഴയിൽ ജോലിചെയ്യുകയും പിന്നീട് തിരുവല്ലയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി വിരമിക്കുകയും ചെയ്തതായി സമിതിക്ക് വ്യക്തമായ തെളിവ് കിട്ടിയിട്ടുണ്ടെന്നും പിന്നെയെന്തിനാണ് സമിതിക്ക് തെറ്റായ ഉത്തരം നൽകിയതെന്നും സമിതി ആരാഞ്ഞതിന് ഈ വിവരം ജലവിഭവ വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നും 6 പേരുടെ സീനിയോറിറ്റി എടുത്തസമയത്ത് ഇതിന് ഹയർ ഗ്രേഡ് അനുവദിച്ച് കിട്ടാൻ ശ്രമം നടത്തിയെന്നും അപ്പോൾ അടുത്തയാളിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി പ്രൊമോഷൻ കിട്ടിയതാകാമെന്നും ജലവിഭവ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ഇത് സംബന്ധിച്ച് ശരിയായ റിപ്പോർട്ട് സമിതിക്ക് നൽകാമെന്ന് അദ്ദേഹം തുടർന്നറിയിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് സമിതിക്ക് വ്യക്തമായ ഉത്തരം നൽകണമെന്ന് സമിതി ആവശ്യപ്പെടുന്നു.

26. മാസ്റ്റർ ഡ്രില്ലർ/ചീഫ് ഡ്രില്ലർ/മെക്കാനിക്കൽ സൂപ്രണ്ട് എന്നിവ സമാന തസ്തികകളാണ്. മൂന്ന് മാസ്റ്റർ ഡ്രില്ലർ തസ്തികകൾ മെക്കാനിക്കൽ സൂപ്രണ്ടായി കൺവെർട്ട് ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി എം.ഡി. നൽകിയ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ് എന്ന മറുപടിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് സമിതിയെ അറിയിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. സംസ്ഥാനത്തെ വാട്ടർ അതോറിറ്റിയിലെ പ്രൊമോഷൻ വ്യവസ്ഥകൾ പ്രതിപാദിച്ചുകൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള 18-3-2004 തീയതിയിലെ ജി. ഒ. (പി) നമ്പർ 18/04/ ഡബ്ള്യൂ.ആർ.ഡി. നമ്പർ ഉത്തരവിൽ പറയുന്നപ്രകാരം ഓപ്പറേറ്റർ തസ്തികയിലെ ഉയർന്നതലത്തിലുള്ള ഹെഡ് ഓപ്പറേറ്റർ, മെക്കാനിക്കൽ സൂപ്രണ്ട് അതിനുമുകളിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ തസ്തിക എന്നിവയിലേക്കുള്ള പ്രൊമോഷൻ സമയബന്ധിതമായി നടപ്പാക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

എം. ഉമ്മർ,

*ചെയർമാൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2014 ഫെബ്രുവരി 6.

അനുബന്ധം 1

# KERALA WATER AUTHORITY
# QUALIFIED OPERATING STAFF UNION

**(Reg No : 07-54-91) STATE COMMITTEE**


Patron : R. BALAKRISHNA PILLAI MLA

President
K.G. KUTTAN NAIR
Nedumala, Adoor
Ph : 0473-228341, 0471-2330616

General Secretary
VARGHESE VYTTILA
Abba, Nettur - 682 304
Ph : 0484-3947586, 0484-2345037

[illegible]
ZAINUDHEEN CHERUKAT B.Tech.
Trichur Ph : 0487-2320781

Vice Presidents
GOPAKUMARAN PILLAI
Ph : 0476-2873464
K. SHAJAHAN
Ph : 0477-2232132
K.S. PRAKASHAN
Ph : 0494-2455084

State Secretaries
R. SUBHASH BABU
Ph : 0471-2211500
HENRY FRANCIS
Ph : 0488-4233878
K.GIRISH KUMAR
Ph : 0495-2883903

Treasurer
V. SASEENDRAN
Ph : 0487-2278704


Ltr. No. V3-123/05 Date : 16-07-2005

**ബഹുമാനപ്പെട്ട കേരള നിയമസഭാ പെറ്റീഷൻസ്-കമ്മറ്റി മുൻപാകെ**
**യൂണിയൻ ജനറൽ സെക്രട്ടറി സമർപ്പിക്കുന്ന പരാതി**

സർ,

സൂചന :- 1. Order No. KWA/HO/E5/9698/90.20.7.93 MD. KWA
2. G.O.(P) No.I. 18/04/WRD dt. 18-3-04

കേരള വാട്ടർ അതോറിറ്റിയിൽ മൊത്തം ജീവനക്കാരിൽ 25 ശതമാനത്തോളം ഓപ്പറേറ്റർമാരാണ്. അതോറിറ്റിയുടെ 1500ഓളം വരുന്ന പമ്പ്ഹൗസുകളിലും പ്ലാന്റുകളിലും ജോലി ചെയ്യുന്ന ഇവർ 1966 ലെയും 1979ലെയും കേരള പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ പറയുന്ന യോഗ്യത നേടി സർവ്വീസിൽ പ്രവേശിച്ചവരാണ്. നിലവിലുള്ള റൂൾസ് പ്രകാരം ജോലിയിൽ പ്രവേശിക്കാൻ ഇവർക്ക് വേണ്ട യോഗ്യത എസ്സ്.എസ്സ്.എൽ.സി. പാസ്സും നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റും (ഇലക്ട്രീഷ്യൻ/മോട്ടോർ മെക്കാനിക്കും) ആണ്. ഇവരുടെ പ്രൊമോഷൻ തസ്തികകൾ ഹെഡ് ഓപ്പറേറ്റർ, മെക്കാനിക്കൽ സൂപ്രണ്ട്, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിങ്ങനെയാണ്.

മുൻകാലങ്ങളിൽ ഓപ്പറേറ്റർമാർക്ക് മേൽപ്പറഞ്ഞ രീതിയിൽ പ്രൊമോഷൻ നൽകുന്നുണ്ടായിരുന്നു. മേൽ (സൂചന 1) ഉത്തരവുപ്രകാരം 1993ൽ ബഹു. വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ 365 ഓപ്പറേറ്റർമാർക്ക് ഹെഡ് ഓപ്പറേറ്റർമാരായി പ്രൊമോഷൻ കൊടുത്തു. എന്നാൽ പിന്നീട് നാളിതുവരെ ഹെഡ് ഓപ്പറേറ്റർമാരായി പ്രൊമോട്ട് ചെയ്തിട്ടില്ല. 1993നുശേഷം ആകെ കൂടി 4 ഹെഡ് ഓപ്പറേറ്റർമാരെ മാത്രമേ മെക്കാനിക്കൽ സൂപ്രണ്ടുമാരായി പ്രൊമോട്ട് ചെയ്തിട്ടുള്ളു. അതുതന്നെ ബഹു. ഹൈക്കോടതിയുടെ ഇടപെടലും നിർദ്ദേശപ്രകാരവുമാണ്. പ്രസ്തുത മെക്കാനിക്കൽ സൂപ്രണ്ടുമാരിൽനിന്നും ഒരാളെ മാത്രമാണ് ഇന്നേവരെ അസി. എക്സി. എഞ്ചിനീയറായി പ്രൊമോട്ട് ചെയ്തിട്ടുള്ളു.

മേൽപറഞ്ഞ 4 മെക്കാനിക്കൽ സൂപ്രണ്ടുമാരും, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറും റിട്ടയർ ചെയ്തുകഴിഞ്ഞു. 20.7.93ൽ 365 ഓപ്പറേറ്റർമാരെ പ്രൊമോട്ടു ചെയ്തിരിക്കുന്നത് 23.6.1990 പ്രാബല്യം കൊടുത്താണ്. 1993ൽ പ്രൊമോട്ടു ചെയ്ത 365 ഹെഡ് ഓപ്പറേറ്റർമാരിൽ ഇനി അവശേഷിക്കുന്നവർ 10ൽ താഴെ മാത്രമാണ്. ബാക്കി എല്ലാവരും റിട്ടയർ ചെയ്തുകഴിഞ്ഞു. അതേ സമയം ഇപ്പോൾ സർവ്വീസിൽ ഉള്ള ഓപ്പറേറ്റർമാരുടെ എണ്ണം 2000ൽ കുറയാതെ വരും. 2004ൽ (സൂചന 2) ഇറങ്ങിയ ഉത്തരവനുസരിച്ച് മൊത്തം ഓപ്പറേറ്റർമാരിൽ 1/5 പേർ (20 ശതമാനം) ഹെഡ് ഓപ്പറേറ്റർമാർ ആയിരിക്കണം എന്നാണ്

വ്യവസ്ഥ. എന്നാൽ പ്രസ്തുത അനുപാതപ്രകാരം വേണ്ടതിന്റെ 1/100 ഭാഗം പോലും ഇപ്പോൾ ഹെഡ് ഓപ്പറേറ്റർമാരായി ഇല്ല. മേൽ പറഞ്ഞതുപോലെ മെക്കാനിക്കൽ സൂപ്രണ്ട്, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ പ്രൊമോഷൻ തസ്തികകളിൽ ഒറ്റ ഓപ്പറേറ്റർ പോലും ഇല്ല. അങ്ങനെ ഓപ്പറേറ്റർമാരായി ജോലിയിൽ പ്രവേശിച്ച് അതേ തസ്തികയിൽ ഇരുന്ന് വിരമിക്കുക എന്ന ദുരവസ്ഥയിലാണ് കേരള വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റർമാർ എന്ന വിഭാഗത്തിൽപെടുന്ന ജോലിക്കാർക്ക് വന്നുഭവിച്ചിരിക്കുന്നത്.

അതേസമയം ഹെഡ് ഓപ്പറേറ്റർമാരായി മേൽപറഞ്ഞ അനുപാതപ്രകാരം പ്രൊമോഷൻ നൽകുന്നതുകൊണ്ട് സർക്കാരിന് യാതൊരു അധിക സാമ്പത്തിക ബാധ്യതയും വരുന്നതല്ല. 10 വർഷത്തെ സേവനം പൂർത്തിയാക്കിയ എല്ലാ ഗവൺമെന്റ് ജീവനക്കാർക്കും ഉള്ളതായ സമയബന്ധിത ഗ്രേഡ് പ്രൊമോഷൻ ലഭിക്കുമ്പോൾ ഇന്നത്തെ നിലയിൽ പ്രസ്തുത ഓപ്പറേറ്റർമാരുടെ ശമ്പള സ്കെയിൽ 4710-100-5010-125-5635 - 150-6235-175-7110-200-7710 ആണ്. 18 വർഷം കഴിഞ്ഞ് അടുത്ത ഗ്രേഡ് പ്രൊമോഷൻ വരുമ്പോൾ പ്രസ്തുത ശമ്പള സ്കെയിൽ 5635-150-6235-175-7110-200-7710-225-8385-250-9135 ആണ്. 10 വർഷം സർവ്വീസുള്ള ഒരു ഓപ്പറേറ്ററെ ഹെഡ് ഓപ്പറേറ്ററായി പ്രൊമോട്ട് ചെയ്യുന്നതുകൊണ്ട് വാട്ടർ അതോറിറ്റിക്കോ, സർക്കാരിനോ യാതൊരു അധിക സാമ്പത്തിക ബാധ്യതയും വരുന്നില്ല എന്നുള്ളത് വ്യക്തമാണ്. പക്ഷേ 10 വർഷത്തിൽ കൂടുതൽ സർവ്വീസുള്ള 1000ത്തിൽപ്പരം ഓപ്പറേറ്റർമാർ ഇന്നും അതോറിറ്റിയിൽ ഉണ്ടെങ്കിലും അവരിൽ 50ൽ താഴെ പേർ മാത്രമേ ഹെഡ് ഓപ്പറേറ്റർ എന്ന തസ്തികയിലുള്ളൂ എന്നത് ഒരു വിരോധാഭാസമാണ്. ഇതുമൂലം മെക്കാനിക്കൽ സൂപ്രണ്ട്, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിങ്ങനെയുള്ള അടുത്ത പ്രൊമോഷൻ തസ്തികകളും ഓപ്പറേറ്റർമാർക്ക് അപ്രാപ്യമായിരിക്കയാണ്. അതേസമയം 6 മെക്കാനിക്കൽ സൂപ്രണ്ടുമാരുടെ ഒഴിവ് ഇപ്പോൾ ഉണ്ടെങ്കിലും ഏറെക്കാലമായിട്ട് അവ നികത്താതിരിക്കുകയാണ്.

മേൽപറഞ്ഞ വസ്തുതകളിൽനിന്നും ഭരണഘടനയും സർവ്വീസ് നിയമങ്ങളും വിഭാവനം ചെയ്യുന്ന പരിഗണന കേരള വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റർമാർക്ക് ലഭിക്കുന്നില്ല എന്നുള്ളത് വ്യക്തമാണല്ലോ. എസ്സ്.എസ്സ്.എൽ.സി.യും ഐ.ടി.ഐ. സർട്ടിഫിക്കറ്റും എല്ലാംകൊണ്ട് സർവ്വീസിൽ കയറുന്ന ഓപ്പറേറ്റർ അതേ തസ്തികയിൽത്തന്നെ റിട്ടയർ ചെയ്യുമ്പോൾ വെറും എസ്സ്.എസ്സ്.എൽ.സി മാത്രം യോഗ്യതയോടു കൂടി സർവ്വീസിൽ കയറുന്ന ഒരു ലോവർ ഡിവിഷൻ ക്ലർക്ക് 10ഓ പ്രൊമോഷൻ ലഭിച്ച് യു.ഡി., എച്ച്.സി., ജെ.എസ്., ഡി.എ., എസ്.എസ്., എ.ഒ. എഫ്.ഒ., ഐ.എ. സീനിയർ. എ.ഒ. മുതലായ ഉയർന്ന തസ്തികയിൽ ഇരുന്ന് റിട്ടയർ ചെയ്യുവാൻ സാധിക്കുന്നു.

ഓപ്പറേറ്റർ ഒഴിച്ച് മറ്റുള്ള വിഭാഗങ്ങളിലും മേൽപറഞ്ഞതുപോലെ ധാരാളം പ്രൊമോഷൻ സാധ്യതകളും പ്രൊമോഷനുകളും ഉണ്ട്. ഇതിൽനിന്നും ഓപ്പറേറ്റർമാർക്ക് ഇന്നുള്ള പ്രൊമോഷൻ സാധ്യതകൾ വളരെ വിരളമാണെന്ന് കാണാവുന്നതാണ്.

എന്നാൽ ഇപ്പോൾ ഉള്ള ഉത്തരവുകൾപ്രകാരം പോലും ലഭിക്കേണ്ടതായ പ്രൊമോഷൻ ലഭിക്കുന്നില്ല എന്നുള്ളതാണ് ബഹു. [redacted] കമ്മറ്റി മുൻപാകെ ഞങ്ങൾക്ക് സമർപ്പിക്കാനുള്ള പരാതി. ആയതുകൊണ്ട് മേൽസൂചന 2ൽ പറയുന്ന ഉത്തരവുപ്രകാരം ഉള്ളതായ അനുപാതക്രമമനുസരിച്ച് 5 ഓപ്പറേറ്റർമാർക്ക് ഒരു ഹെഡ് ഓപ്പറേറ്റർ എന്ന നിലയിൽ ഹെഡ് ഓപ്പറേറ്ററായി പ്രൊമോഷനും അവരിൽനിന്ന് ഇപ്പോൾ ഉള്ള 6 മെക്കാനിക്കൽ സൂപ്രണ്ട് ഒഴിവുകളും അതിനുമുകളിലുള്ള അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒഴിവുകളും ഓപ്പറേറ്റർമാരിൽനിന്നും ഉടൻതന്നെ നികത്തുവാനും വേണ്ട നടപടികൾ സത്വരമായി സ്വീകരിക്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

## അനുബന്ധം 2

## പതിനൊന്നാം കേരള നിയമസഭ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2004—06) കേരള വാട്ടർ അതോറിറ്റി ക്വാളിഫൈഡ് ഓപ്പറേറ്റിംഗ് സ്റ്റാഫ് യൂണിയൻ സമർപ്പിച്ച പരാതിയിൻമേലുള്ള റിപ്പോർട്ട്

കേരള വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റർമാരുടെ പ്രമോഷൻ ചാനൽ ഓപ്പറേറ്റർ, ഹെഡ് ഓപ്പറേറ്റർ—മെക്കാനിക്കൽ സൂപ്രണ്ട്— മെക്കാനിക്കൽ സൂപ്രണ്ട് (ഹയർ ഗ്രേഡ്)—അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതലായവയാണ്. 5:1 എന്ന അനുപാതത്തിലാണ് ഓപ്പറേറ്ററിൽനിന്നും ഹെഡ് ഓപ്പറേറ്ററായി ഉദ്യോഗക്കയറ്റം നൽകുന്നത്. ഈ അനുപാതപ്രകാരം കേരള വാട്ടർ അതോറിറ്റി ഓപ്പറേറ്റർമാർക്ക് ഹെഡ് ഓപ്പറേറ്റർ ആയി ഉദ്യോഗക്കയറ്റം നൽകി ഉത്തരവായിട്ടുണ്ട്. നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം ഓപ്പറേറ്ററായി നിയമനം ലഭിക്കുന്നതിന് ആവശ്യമായ വിദ്യാഭ്യാസ യോഗ്യതയ്ക്ക് അധികമായി യാതൊരു യോഗ്യതയും ഹെഡ് ഓപ്പറേറ്റർ ആയി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടില്ല. ആയതിനാൽ നിശ്ചിത യോഗ്യതയിൽ ഇളവ് നൽകി റെഗുലർ എസ്റ്റാബ്ലിഷ്മെന്റിൽ കൊണ്ടുവന്ന ഓപ്പറേറ്റർമാർക്ക് (NMR CLR മുതലായവർ) നിശ്ചിത യോഗ്യത ഇല്ല എന്ന കാരണത്താൽ ഹെഡ് ഓപ്പറേറ്ററായിട്ടുള്ള ഉദ്യോഗക്കയറ്റം നിഷേധിക്കാനാവില്ല. ഈ കാരണങ്ങൾ കൊണ്ടുതന്നെ ഓപ്പറേറ്റർമാരുടെ സീനിയോറിറ്റി ലിസ്റ്റ് യോഗ്യതയുടെ അടിസ്ഥാനത്തിൽ രണ്ടായി പ്രസിദ്ധീകരിക്കാനാവില്ല.

കേരള പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ള ഹെഡ് ഓപ്പറേറ്റർമാരെ പ്രമോട്ട് ചെയ്ത് മെക്കാനിക്കൽ സൂപ്രണ്ടുമാരുടെ 6 ഒഴിവുകൾ നികത്തി ഉത്തരവായിട്ടുണ്ട്.

മെക്കാനിക്കൽ സൂപ്രണ്ട് ഗ്രേഡ് 1, ഗ്രേഡ് – 2 എന്നിങ്ങനെ തസ്തികൾ നിലവിലില്ല. മെക്കാനിക്കൽ സൂപ്രണ്ടിന്റെ പ്രമോഷൻ പോസ്റ്റായ മെക്കാനിക്കൽ സൂപ്രണ്ട് ഹയർ ഗ്രേഡിന് അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് തുല്യമായ ശമ്പളമാണ് അനുവദിച്ചിട്ടുള്ളത്.

കേരള പബ്ളിക് ഹെൽത്ത് എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് അനുസരിച്ച് നിശ്ചിത യോഗ്യതയുള്ള മെക്കാനിക്കൽ സൂപ്രണ്ടിന് പ്രസ്തുത റൂളിൽ അനുശാസിച്ചിട്ടുള്ളത് പ്രകാരം അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി ഉദ്യോഗക്കയറ്റം നൽകുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനായി സ്പെഷ്യൽ റൂൾസ് അനുശാസിക്കുന്ന നിശ്ചിത യോഗ്യതയുള്ള ഹെഡ് ഓപ്പറേറ്റർ / ഡ്രില്ലർ എന്നിവരുടെ അഭാവത്തിൽ മാത്രമാണ് മെക്കാനിക്കൽ സൂപ്രണ്ട് തസ്തികകളിൽ നേരിട്ട് നിയമനം നടത്തുന്നത്.

കേരള പബ്ളിക് ഹെൽത്ത് എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതയുള്ളവരെ മാത്രമേ ഉദ്യോഗക്കയറ്റം വഴി നിയമിക്കാറുള്ളൂ.

നിലവിലുള്ള ഉത്തരവ് പ്രകാരം ഓപ്പറേറ്റർമാരുടെയും ഹെഡ് ഓപ്പറേറ്റർമാരുടെയും ചുമതലകൾ സമാനമാണ്.

വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറുകളിലും, പ്ലാൻറുകളില്ലാത്ത സ്ഥലങ്ങളിലും സെക്ഷൻഓഫീസിൽ ഒരു എഞ്ചിനീയർ തസ്തിക സൃഷ്ടിക്കണമെന്നുള്ള നിർദ്ദേശം പ്രായോഗികമല്ല.

കരട് സ്പെഷ്യൽ റൂൾസിനെ സംബന്ധിച്ചുള്ള ചർച്ചകളിലും ഇത് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ആരായുമ്പോഴും ഈ ആവശ്യങ്ങൾ യൂണിയന് സമർപ്പിക്കാവുന്നതാണെന്നറിയിക്കുന്നു.

## അനുബന്ധം 3

## 2009 ഫെബ്രുവരി 4—ാം തീയതി ചേർന്ന സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ തെളിവെടുപ്പ് യോഗത്തിൽ ആവശ്യപ്പെട്ട അധിക വിവരങ്ങൾ

കേരള വാട്ടർ അതോറിറ്റിയിൽ വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ താഴെ പറയും പ്രകാരമാണ്. പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമന രീതി വ്യക്തമാക്കുന്ന സ്പെഷ്യൽ റൂൾസിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.

| | |
|---|---|
| Overseer Grade -III | 222 |
| Draughtsman Grade | 23 |
| Lower Division Clerk | 26 |
| Lower Division Typist | 10 |
| Fitter | 50 |
| Peon | 28 |
| Watchman | 41 |
| Unskilled Worker | 51 |
| Worker | 26 |
| Confidential Assistant | 8 |
| Driver | 10 |
| Plumber | 56 |
| Deputy Accounts Managaer | 1 |
| Master Driller/Mechanical Superintemdent | 3 |
| Operator | 631 |

മാസ്റ്റർ ഡ്രില്ലർ / മെക്കാനിക്കൽ സൂപ്രണ്ട് തസ്തികയിലേക്കുള്ള നിയമനം സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷം നികത്തുന്നതാണ്.

2) നിലവിലുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യണമെന്ന യൂണിയനുകളുടെ ആവശ്യത്തിൻമേൽ വാട്ടർ അതോറിറ്റിയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

3) കേരള വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റർമാർക്ക് ലഭിക്കേണ്ട പ്രൊമോഷനുകൾ കാലാകാലങ്ങളിൽ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| തസ്തിക | ഉത്തരവിന്റെ നമ്പരും തീയതിയും |
|---|---|
| 1) മെക്കാനിക്കൽ സൂപ്രണ്ട് / മാസ്റ്റർ ഡ്രില്ലർ | 1) 3689/E5/2000/JB/KWAdated, 31.07.2006<br>2)KWA/ JB/ E5-13250/99dated, 30.04.2008<br>3)KWA/ JB/ E5-13250/99dated, 31.05.2008 |

| | |
|---|---|
| 2) ഹെഡ് ഓപ്പറേറ്റർ | 1)3689/E5/2000/JB/KWAdated, 20.06.2006<br>2)3689/E5/2000/JB/KWAdated, 81.10.2007<br>3)3689/E5/2000/JB/KWAdated, 08.09.2008<br>4)3689/E5/2000/JB/KWAdated, 25.02.2009<br>5)3689/E5/2000/JB/KWAdsted, 24.07.2009 |
| | |

## അനുബന്ധം 4

1. കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ പ്രാബല്യത്തിലുള്ള സ്പെഷ്യൽ റൂൾസിന്റെ വിശദാംശം.
2. കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ പ്രാബല്യത്തിലുള്ള സ്പെഷ്യൽ റൂൾസ് എന്നുമുതലാണ് നിലവിൽ വന്നത്?
3. കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ പ്രാബല്യത്തിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം പമ്പ് ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രൊമോഷൻ അനുപാതത്തിന്റെയും വിശദാംശം.
4. കേരള വാട്ടർ അതോറിറ്റിയിൽ പ്രാബല്യത്തിലുള്ള സ്പെഷ്യൽ റൂൾസ് നിലവിൽ വന്ന തീയതിയിൽ ഉണ്ടായിരുന്ന പമ്പ് ഓപ്പറേറ്റർ, ഹെഡ് ഓപ്പറേറ്റർ, മെക്കാനിക്കൽ സൂപ്രണ്ട്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകളുടെ എണ്ണം.
5. കേരള വാട്ടർ അതോറിറ്റിയിൽ പ്രാബല്യത്തിലുള്ള സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനു ശേഷം ഹെഡ് ഓപ്പറേറ്റർ, മാസ്റ്റർ ഡ്രില്ലർ, മെക്കാനിക്കൽ സൂപ്രണ്ട്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകളിലേയ്ക്ക് നടത്തിയ നിയമനങ്ങളുടെ വിശദാംശവും നിലവിലുള്ള നിയമപ്രകാരമുള്ള അനുപാതം പൂർണ്ണമായും പാലിച്ചു തന്നെയാണോ നിയമനം നടത്തിയത് എന്നതും സംബന്ധിച്ച വിവരം.
6. ഹെഡ് ഓപ്പറേറ്റർമാരിൽ നിന്നും സ്ഥാനക്കയറ്റം വഴി മെക്കാനിക്കൽ സൂപ്രണ്ട്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകളിലേയ്ക്ക് നിയമനത്തിന് നിലവിൽ വ്യവസ്ഥയുണ്ടോ, ഉണ്ടെങ്കിൽ അത്തരം നിയമനത്തിന്റെ അനുപാതവും നിയമനത്തിനാവശ്യമായ യോഗ്യതയും സംബന്ധിച്ച വിവരം.
7. മാസ്റ്റർ ഡ്രില്ലർ മെക്കാനിക്കൽ സൂപ്രണ്ട്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിലേയ്ക്ക് യോഗ്യതയുള്ള ഹെഡ് ഓപ്പറേറ്റർമാരിൽ നിന്നും നിയമപ്രകാരമുള്ള അനുപാതത്തിൽ കാലാകാലങ്ങളിൽ നിയമനം നടത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ നിയമനത്തിന്റെ വിശദാംശം ഇല്ലെങ്കിൽ കാരണം.
8. കേരള വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർ, ഹെഡ് ഓപ്പറേറ്റർ, മെക്കാനിക്കൽ സൂപ്രണ്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകളിൽ അനുവദിച്ചിട്ടുള്ള സ്ഥിരം തസ്തികകളുടേയും താത്കാലിക തസ്തികകളുടേയും എണ്ണവും തസ്തികകൾ നിലവിലുള്ള സ്പെഷ്യൽ റൂൾസ്

പ്രാബല്യത്തിൽ വന്നതിനുശേഷം എന്നുമുതൽ നിലവിലുണ്ടെന്ന വിവരവും ഓപ്പറേറ്റർ, ഹെഡ് ഓപ്പറേറ്റർ, മാസ്റ്റർ ഡ്രില്ലർ, മെക്കാനിക്കൽ സൂപ്രണ്ട്

9. തസ്തികകളിലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ?
10. മാസ്റ്റർ ഡ്രില്ലർ മെക്കാനിക്കൽ സൂപ്രണ്ട് സത്കികയിലെ ഒഴിവുകൾ സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷം നികത്തുന്നതാണ് എന്ന തീരുമാനത്തിന്റെ കാരണവും സാധുതയും.
11. പ്രാബല്യത്തിലുള്ള നിയമ പ്രകാരം പമ്പ് ഓപ്പറേറ്റർമാർക്ക് അർഹമായ പ്രൊമോഷനുകൾ, അതിനാവശ്യമായ യോഗ്യതകൾ എന്നിവ സംബന്ധിച്ച വിവരം.
12. ഓപ്പറേറ്റർ തസ്തികയിലെ പ്രൊമോഷൻ വ്യവസ്ഥകളുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള 18.03.2004-ലെ 18/04/ഡബ്ല്യു ആർ. സി നമ്പർ സർക്കുലർ ഉത്തരവിലെ വ്യവസ്ഥകൾ എത്രത്തോളം പാലിക്കപ്പെട്ടിട്ടുണ്ട് എന്നത് സംബന്ധിച്ച വിവരം

GOVERNMENT OF KERALA

നമ്പർ: 24902 /സി 1/10/ജ.വി.വ

ജലവിഭവ(ജലവിതരണ—സി) വകുപ്പ്
തിരുവനന്തപുരം
തീയതി : 12.01.2010

സെക്രട്ടറി

സെക്രട്ടറി
കേരള നിയമസഭ

സർ,

വിഷയം : സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2009—11) —കേരള വാട്ടർ അതോറിറ്റിയിലെ ക്വാളിഫൈഡ് ഓപ്പറേറ്റിംഗ് സ്റ്റാഫ് യൂണിയന്റെ പരാതി—വിവരങ്ങൾ ലഭ്യമാക്കുന്നത് —സംബന്ധിച്ച്

സൂചന: 29.9.10 ലെ 12384/ സബ് ലെജിൻ I /05/ലെജി നമ്പർ കത്ത്.

സൂചനയിലെ കത്ത് പ്രകാരം സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി അാവശ്യപ്പെട്ടതിനുസരിച്ച് കേരള വാട്ടർ അതോറിറ്റിയിലെ ക്വാളിഫൈഡ് ഓപ്പറേറ്റിംഗ് സ്റ്റാഫ് യൂണിയന്റെ പരാതി സംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുകൊള്ളുന്നു.

1. കേരള വാട്ടർ അതോറിറ്റിയിൽ സപെഷ്യൽ റൂൾസ് ഫോർ KPHESS ആണ് നിലവിൽ പ്രാബല്യത്തിൽ ഉള്ള സ്പെഷ്യൽ റൂൾസ് അായതിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

2. ഇപ്പോൾ പ്രാബല്യത്തിൽ ഉള്ള സ്പെഷ്യൽ റൂൾസ് 14.10.1966 തീയതിയിലെ G.O(P) NO 403 ഉത്തരവ് പ്രകാരം 08.11.1966—ലെ ഗസറ്റ് വിജ്ഞാപനം വഴി പ്രാബല്യത്തിൽ കൊണ്ടുവന്നു. 1984—ന് മുൻപ് ഈ സ്ഥാപനം പബ്ളിക് ഹെൽത്ത് എഞ്ചിനീയറിംഗ് വകുപ്പ് എന്ന രീതിയിൽ സർക്കാരിന്റെ കീഴിലാണ് പ്രവർത്തിച്ചിരുന്നത്.

3. കേരള വാട്ടർ അതോറിറ്റിയിൽ നിലവിൽ പ്രാബല്യത്തിൽ ഉള്ള സ്പെഷ്യൽ റൂൾസ് പ്രകാരം ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ പ്രമോഷൻ ചാനൽ താഴെ പറയുന്ന പ്രകാരമാണ്.

ഓപ്പറേറ്റർ
↓
ഹെഡ് ഓപ്പറേറ്റർ
↓
മെക്കാനിക്കൽ സൂപ്രണ്ട്
↓
മെക്കാനിക്കൽ സൂപ്രണ്ട് (HG)

ഓപ്പറേറ്ററിൽ നിന്നും ഹെഡ് ഓപ്പറേറ്റർ ആയി ഉദ്യോഗക്കയറ്റം നൽകുന്നത് 5:1 റേഷ്യോ - ൽ ആണ്. ഹെഡ് ഓപ്പറേറ്റർ, ഡ്രില്ലർ/ഡ്രില്ലർ മെക്കാനിക്ക് എന്നീ തസ്തികകളിൽ നിന്നും 1:1 റേഷ്യോയിലാണ് മെക്കാനിക്കൽ സൂപ്രണ്ട്/മാസ്റ്റർ ഡ്രില്ലർ തസ്തികകളിൽ പ്രമോഷൻ നൽകുന്നത്.

4. സ്പെഷ്യൽ റൂൾസ് നിലവിൽ വന്ന തീയതിയിൽ ഓപ്പറേറ്റർ, ഹെഡ് ഓപ്പറേറ്റർ, മെക്കാനിക്കൽ സൂപ്രണ്ട്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകളുടെ എണ്ണം എത്രയെന്ന് കാണിക്കുന്ന രജിസ്റ്ററുകളും, രേഖകളും ലഭ്യമല്ല. ആയതിനാൽ ഇതു സംബന്ധിച്ച വിവരം നൽകുവാൻ നിവൃത്തിയില്ലെന്ന് സവിനയം അറിയിക്കുന്നു. (PHED 1984 - ൽ കേരള വാട്ടർ അതോറിറ്റി എന്ന പേരിൽ പുനഃസംഘടിപ്പിച്ചു)

5. കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രാബല്യത്തിൽ വന്നതിനുശേഷം ഹെഡ് ഓപ്പറേറ്റർ/മാസ്റ്റർ ഡ്രില്ലർ എന്നീ തസ്തികകളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ സംബന്ധിച്ച രജിസ്റ്ററുകളോ, മറ്റ് രേഖകളോ പരിപാലിച്ച് പോരാത്തതിനാൽ ലഭ്യമല്ല.

നിലവിലുള്ള നിയമപ്രകാരം ഇപ്പോൾ അനുപാതം പാലിച്ചുതന്നെയാണ് നിയമനം നടത്താറുള്ളത്.

6. ഹെഡ് ഓപ്പറേറ്റർമാരിൽ നിന്നും സ്ഥാനക്കയറ്റം വഴി മെക്കാനിക്കൽ സൂപ്രണ്ട് /അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിയമനത്തിന് നിലവിൽ വ്യവസ്ഥയുണ്ട്. ആകെ 6 തസ്തികകളാണ് മെക്കാനിക്കൽ സൂപ്രണ്ട്/മാസ്റ്റർ ഡ്രില്ലർ എന്നീ തസ്തികകളിലേക്ക് നിലവിലുള്ളത്.

മേൽ തസ്തികയിലേക്ക് ഹെഡ് ഓപ്പറേറ്റർ, ഡ്രില്ലർ/ഡ്രില്ലർ മെക്കാനിക്ക് എന്നീ തസ്തികകളിൽ നിന്നും 1:1 അനുപാതത്തിലാണ് ഉദ്യോഗക്കയറ്റം നൽകുന്നത്. ഹെഡ് ഓപ്പറേറ്റർമാരിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമയും ഹെഡ് ഓപ്പറേറ്റർ തസ്തികയിൽ (2) വർഷത്തെ പ്രവൃത്തി പരിചയവും ഉള്ളവർക്ക് മെക്കാനിക്കൽ സൂപ്രണ്ടായി ഉദ്യോഗക്കയറ്റം നൽകിവരുന്നു. മെക്കാനിക്കൽ സൂപ്രണ്ട്/മാസ്റ്റർ ഡ്രില്ലർ എന്നീ തസ്തികകളിൽ നിന്നും നേരിട്ട് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികകളിലേക്ക് പ്രത്യേകിച്ച് ഒഴിവുകൾ നീക്കിവെച്ചിട്ടില്ല.

7. കേരള വാട്ടർ അതോറിറ്റി ക്വാളിഫൈഡ് ഓപ്പറേറ്റിംഗ് സ്റ്റാഫ് ഉൾപ്പെടെ പല സംഘടനകളും വ്യക്തികളും കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന അന്യായങ്ങളിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി അനുവദിച്ചിരുന്ന സ്റ്റേ ഉത്തരവ് നിലവിലുണ്ടായിരുന്നതിനാൽ ആദ്യകാലങ്ങളിൽ പ്രമോഷൻ നടപ്പിലാക്കുവാൻ കഴിഞ്ഞിരുന്നില്ല.

8. KPHESS സ്പെഷ്യൽ റൂൾസ് G.O(P)403 തീയതി പ്രകാരമാണ് ഓപ്പറേറ്റർ, ഹെഡ് ഓപ്പറേറ്റർ, മെക്കാനിക്കൽ സൂപ്രണ്ട് തസ്തികകൾ നിലവിൽ വന്നത്. ഈ കാറ്റഗറികളിൽ നിലവിലുള്ള

അനുവദിക്കപ്പെടുന്ന തസ്തികകളുടെ എണ്ണം

| | |
|---|---|
| ഓപ്പറേറ്റർ | —1727 |
| ഹെഡ് ഓപ്പറേറ്റർ | —346 |
| മെക്കാനിക്കൽ സൂപ്രണ്ട്/മാസ്റ്റർ ഡ്രില്ലർ | — 6 |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | — 231 |

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മെക്കാനിക്കൽ സൂപ്രണ്ട് / മാസ്റ്റർ ഡ്രില്ലർ തസ്തികകളിൽ പ്രവൃത്തിയെടുക്കുന്ന ഡിഗ്രി, ഡിപ്ലോമ യോഗ്യതയുള്ളവരെ സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള നിശ്ചിത അനുപാതമനുസരിച്ച് ഉദ്യോഗകയറ്റം നൽകിയാണ് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അനുവദിക്കപ്പെട്ട തസ്തികകളിൽ നിയമനം നടത്തുന്നത്.

9. ഓപ്പറേറ്റർ /ഹെഡ് ഓപ്പറേറ്റർ തസ്തികയ്ക്ക് സീനിയോറിറ്റി ലിസ്റ്റ് 30.3.2010—ാം തീയതി പ്രസിദ്ധീകരിച്ചത് നിലവിലുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

10. PHED സ്പെഷ്യൽ റൂൾസിൽ മാസ്റ്റർ ഡ്രില്ലർ തസ്തികയുടെ ഫീഡർ കാറ്റഗറി നിലവിലുള്ള സാഹചര്യത്തിൽ കാലികമല്ലാത്തതിനാൽ ഇക്കാര്യത്തിലുള്ള അവ്യക്തതയും പരാതികളും ഒഴിവാക്കാനാണ് അപ്രകാരം നിർദ്ദേശം നൽകിയത്.

11. ഓപ്പറേറ്റർ തസ്തികയുടെ യോഗ്യത S S L C പാസ്സും NIC MMV/Electrician ആണ്. പ്രമോഷൻ പോസ്റ്റുകളും യോഗ്യതയും ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഹെഡ് ഓപ്പറേറ്റർ | —നിലവിലുള്ള സ് പെഷ്യൽ റൂൾസ് പ്രകാരം ഓപ്പറേറ്റർ തസ്തികയ്ക്കുള്ള യോഗ്യതകൾക്ക് അധികമായി യാതൊരു യോഗ്യതയും നിഷ്കർഷിച്ചിട്ടില്ല. |
| മെക്കാനിക്കൽ സൂപ്രണ്ട്/മാസ്റ്റർഡ്രില്ലർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർ | —മെക്കാനിക്കൽ എഞ്ചിനീയറിംഗ് അസിസ്റ്റൻറ് ഡിപ്ലോമയും ഹെഡ് ഓപ്പറേറ്ററായി 2 വർഷത്തെ പ്രവൃത്തി പരിചയവും. |

12. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് ഓപ്പറേറ്റർ തസ്തികയിലെ പ്രമോഷനുകൾ ഉത്തരവായിട്ടുള്ളത്.

അനുബന്ധം 5

*For official use only*

GOVERNMENT OF KERALA

# The Kerala Public Health Engineering Subordinate Service Special Rules

(as on 31st December, 1975)

AND

# The Kerala Public Health Engineering Service Special Rules

(as on 31st December, 1975)

©
GOVERNMENT OF KERALA
1976

PRINTED BY THE S. G. P. AT THE GOVERNMENT PRESS,
TRIVANDRUM—1976

Kerala Gazette No. 44 dated 8th November 1966.
PART I

## GOVERNMENT OF KERALA

**Abstract**

PUBLIC SERVICES—THE KERALA PUBLIC HEALTH ENGINEERING SUBORDINATE SERVICE—SPECIAL RULES—ISSUED.

PUBLIC (RULES) DEPARTMENT

G.O.(P) No. 403. Dated, Trivandrum, 14th October 1966.

## NOTIFICATION

In exercise of the powers conferred by the proviso to article 309 of the Constitution of India and in supersession of all existing orders and rules on the subject, the Governor of Kerala hereby makes the following Special Rules for the Kerala Public Health Engineering Subordinate [Service:—

### Rules

1. *Constitution.*—The service shall consist of the following categories of Officers, namely:—

*Category*

1. Junior Engineer/Minor Irrigation Supervisor
2. Mechanical Superintendent/Chief Mechanical Foreman/Chief Driller and Master Driller
3. Driller/Driller Mechanic
4. Draftsman/Waterworks Inspector/Drainage Inspector/Overseer } Grade I
5. Draftsman/Waterworks Inspector/Drainage Inspector/Overseer } Grade II
6. Health Inspector
7. Meter Inspector
8. Well Driller
9. Laboratory Technician
10. Mechanic
11. *[Head Shift Operator/Head Operator]
12. Assistant Shift Operator/Operator/Shift Operator
13. Assistant Operator

* Substituted by Notification No. G. O. (P) 61/75/LA&SWD dated 14-3-1975.

| Category | Method of appointment |
| --- | --- |
| | effect from 14-10-1966, subject to the condition under note (v) above:<br>*Provided that—<br>(i) The vacancies of Junior Engineers arising on or after 1-1-1972 by promotion, retirement or deputation of diploma holders and certificate holders shall be filled up by applying the ratio 6 : 3 : 1 between graduates, diploma holders and certificate holders;<br>(ii) Those vacancies of Junior Engineers caused by promotion, retirement or deputation of graduates shall be filled up only by graduates; and<br>(iii) the vacancies of Junior Engineers that arise as a result of creation of new posts from 1-1-1972 shall be filled up in the ratio of 6 : 3 : 1 between graduates, diploma holders and certificate holders.<br>The above proviso shall continue to be operative till such time as the cadre strength of Junior Engineers conforms to the prescribed ratio of 6 : 3 : 1 between graduates, diploma holders and certificate holders |
| Mechanical Superintendent/ Chief Mechanical Foreman/ Chief Driller and Master Driller | 1. † [Promotion from categories 3 and 11 in the ratio of 1 : 1].<br>2. In the absence of qualified candidates for promotion by direct recruitment. |

* Added as per Notification No. G. O. (P) 122/75/LA&SWD dated 29-5-1975.

† Substituted by Notification G. O. (P) No. 61/75/LA & SWD dated 14-3-1975.

| Category | Method of Appointment |
| --- | --- |
| Driller / Driller, Mechanic | 1. % Promotion from category 8 -and<br>2. Direct recruitment<br>*Note*:—Appointment by promotion and direct recruitment shall be made in the ratio of 1 : 1 |
| Draftsman (Grade I)<br>Water works Inspector (Grade I)<br>Drainage Inspector (Grade I)<br>Overseer (Grade I) | 1 Promotion from category 6, and<br>2 Direct recruitment<br>*Note*:—Appointment by promotion and direct recruitment shall be made in the ratio of 1 : 1 |
| Draftsman, Water works Inspector, Drainage Inspector, Overseer (Grade II) | Direct recruitment or promotion from the category of Tracers in the ratio of 3 : 1.<br>*Note*:—One-third of the vacancies to be filled by direct recruitment will be reserved for Work Establishment Work Superintendents. |
| Health Inspector | 1. Direct recruitment ; or<br>2. Recruitment by transfer from the Kerala Health Subordinate Service. |
| Meter Inspector | 1. Promotion from category 16 (Meter Reader) |
| Well Driller | Direct recruitment |
| Laboratory Technician | Direct recruitment |
| Mechanic | Direct recruitment |
| @Head Shift Operator/ Head Operator | Promotion from category 12 |

% Substituted by Notification G. O. (P) No. 352/75/LASWD/ dated 9-12-1975.

@ Substituted by Notification G. O. (P) No. 61/75/LA & SWD dated 14-3-1975.

| Category | Method of Appointm |
| --- | --- |
| 12. Assistant Shift Operator/ Shift Operator/Operator/ | 1. Promotion from category 13,<br>2. In the absence of qualified dates for promotion, recrui by transfer from any other se<br>or<br>3. Direct recruitment |
| 13. Assistant Operator | 1. Recruitment by transfer from other service; or<br>2. Direct recruitment |
| 14. Tracer/ | 1. Direct recruitment and<br>2. Promotion of Blue Printers<br>*Note*:—Appointment by direct recru ment and by promotion sh be made in the ratio of 1 : 1 |
| 15. Blue Printer | 1. Recruitment by transfer from amo members of the last grade servi employed in the Department<br>or<br>2. If suitable and qualified persons a not available for appointment transfer, by direct recruitment. |
| 16. Meter Reader | 1. Direct recruitment and<br>2. Transfer from among peons, Lasca Watchers, Cleaners or Turn-co employed in the Department.<br>*Note*:—Appointment by direct recru ment and by transfer shall made in the ratio of 1 : 1 |
| 17. Electrician | 1. Promotion from any category, t pay of which is lower, or<br>2. In the absence of qualified can dates for promotion, recruitm by transfer from any other servi or<br>3. In the absence of suitable candida for promotion or transfer, by dir recruitment |
| 18. Head Fitter | Promotion from category 20 |
| 19. Plumber | Direct recruitment |

| (1) | (2) | (3) |
|---|---|---|
| | | (iv) Overseers Grade I/Draftsman Grade I, possessing the qualifications of SMT. Maistry's course or Civil Maistry's course or Section Superintendent's course and who have a minimum service of 10 years under Government of which not less than 7 years should be as Overseer Grade I /Draftsman Grade I shall be considered for promotion as Junior Engineer in the quota allotte for certificate holders provided they possess the minimum gener l educacation l qualification of S. S. L. C. Standard.] |
| 2. Mechanical Superintendent/ Chief Mechanical Foreman/ Chief Driller and Master Driller. | Direct Recruitment | Must possess any of the Degrees or Diplomas in Mechanical Engineering specified in item (i) or in Section A of item (ii) of the Annexure. |
| | Promotion | Must possess the following qualifications.<br>(i) (a) Training in Drilling in the Central Drilling School, Dhanuary, U. P.<br>*Or*<br>(b) A diploma in Mechanical Engineering of a recognised Institution<br>*Or*<br>(c) A certificate in Mechanical Engineering of a recognised Institution followed by three years experience in an Engineer-Workshop<br>*Or*<br>(d) Training in Drilling in the Department of Industries and Commerce, Madras<br>*Or*<br>In the absence of candidates possessing the qualifications specified under (a) to (d) above:— |

| (1) | (2) | (3) |
|---|---|---|
| | | £[(e) A pass in form V-or equivalent and two years experience in Tube Well Drilling Operation or in the Operation of Pumping Plants and Electrical Machinery.] |
| | | (ii) Good Physique and capacity for hard and continuous manual labour. |
| | | X[(iii) Must have put in a service of not less than two years in any of the posts under Category 3 of I].] |
| * 3. Driller/ Driller Mecanic | Direct Recruitment. | Must possess the following qualifications:— |
| | | (i) (a) Training in Drilling in the Central Drilling School, Dhanuary, U. P. |
| | | *Or* |
| | | (b) Diploma in Mechanical Engineering of a recognised institution. |
| | | *Or* |
| | | (c) A Certificate in Mechanical Engineering of a recognised institution followed by three years experience in an Engineering Workshop. |
| | | *Or* |
| | | (d) Training in Drilling in the Department of Industries and Commerce, Madras. |
| | | (ii) Good physique and capacity for hard and continuous manual labour to be proved by a Certificate issued by a Medical Officer not below the rank of an Assistant Surgeon. |

£ and X. Substituted by Notification No. G. O. (P) 61/75/LA&SWD dated 14-3-1975.

* Substituted by Notification No. G. O. (P) 352/75/LA&SWD dated 9-12-1975.

| (1) | | (2) | (3) |
|---|---|---|---|
| | | | 2. Two years service as Tracer.<br>NOTE: Tracers not possessing the qualifications mentioned above but with not less than five years' service will also be considered for promotion but the number so promoted shall not exceed 20% of the total number of vacancies reserved for promotion of tracers. |
| 6. | Health Inspector | Any Method | A pass in Health Inspectors Course. |
| 7. | Meter Inspector | do. | Diploma in Craftsmanship or trade certificate in Plumbing Trade of Industrial Training Institute Industrial Training Centre @ [or National Apprenticeship Certificate in Plumbing Trade awarded after completion of full term apprenticeship for a minimum period of three years] and three years experience as Meter Reader.<br>*Or*<br>Minimum General Educational qualification of the S.S.L.C. Standard and 5 years experience as Meter Reader. |
| [illegible] | Well Driller | Direct recruitment | 1. Literacy in English, a pass in Form III and 2 years experience in Tube Well Drilling Operations<br>2. Good Physique and capacity for continuous hard and manual labour |
| [illegible] | Laboratory Technician | Direct recruitment | 1. Minimum general educational qualification of the S.S.L.C. Standard with at least 50% marks in Science subjects and a minimum of 42% in English. |

@ Inserted by Notification No. G.O. (P) 314/75/LA&SWD dated 6-11-1975

| (1) | (2) | (3) |
|---|---|---|
| | | 2. Pass in Laboratory Technicians' Course of six months conducted by the Public Health Laboratory, Trivandrum or Diploma in Food Technology of the Government Polytechnic, Kalamasserry and two months training course in Public Health Laboratory. |
| 10. Mechanic | Direct recruitment | 1. Minimum general educational qualification of the S.S.L.C. Standard. <br> 2. Mechanics Certificate or 3 years experience in a well equipped Mechanical Workshop or Fitters' test conducted by the Department or a Certificate in Automobile Engineering awarded after one year course in a Recognized Institution. <br> Provided that in the case of Ex-servicemen, the following qualifications shall be considered sufficient. <br> (i) A pass in the 9th Standard, and <br> (ii) One year's experience as Mechanic in the Military Service. <br> *Note:*—The authority for issuing the Mechanic Certificate will be Head of the Institution. |
| 12. Assistant Shift Operator/Operator/Shift Operator <br> 13. Assistant Operator | Direct recruitment Or Transfer | 1. Minimum general educational qualification of the S.S.L.C. Standard. <br> 2. Experience in Automobile Engineering or experience in operating Pumping Plants and Electrical Machinery. |
| 14. Tracer | Direct recruitment | 1. Must possess minimum general educational qualification of the S.S.L.C. Standard, and any of the qualifications mentioned in Section B of item (iii) of the Annexure, or |

Kerala Gazette No. 38 dated 27th September 1960
PART I

GOVERNMENT OF KERALA

**Abstract**

PUBLIC SERVICES—THE KERALA PUBLIC HEALTH ENGINEERING SERVICE—SPECIAL RULES—ISSUED

PUBLIC (RULES) DEPARTMENT

G. O. (P) No. 612. **Dated, Trivandrum, 16th September 1960.**

NOTIFICATION

In exercise of the powers conferred by the proviso to Article 309 of the Constitution of India and in supersession of all previous rules or orders on the subject, the Governor of Kerala hereby makes the following Special Rules in respect of the Kerala Public Health Engineering Service:—

**Rules**

1. *Constitution.*—The service shall consist of the following categories of officers, namely :—

Category 1—Chief Engineer.

Category 2—Superintending Engineer.

Category 3—Executive Engineers including Deputy Chief Engineer.

Category 4—Assistant Engineering including Driller Engineer and Personal Assistant to Superintending Engineer.

2. *Appointment*—(a) Appointment to the several categories shall be made as follows :—

| *Category* | *Method of recruitment* |
|---|---|
| (1) Chief Engineer | Promotion from Superintending Engineer, or for special reasons, recruitment by transfer from among Superintending Engineers in the Kerala Engineering Service. |
| (2) Superintending Engineer | Promotion from Executive Engineers or for special reasons recruitment by transfer from among Executive Engineers in the Kerala Engineering Service. |

(c) Such number of vacancies among Executive Engineers as the State Government may from time to time determine but not exceeding ... per cent of the total sanctioned cadre strength of Executive Engineers shall be reserved to be filled by selection from among Assistant Engineers.

(1) * [Who possess the qualifications mentioned in sub-item (a) of section B in item (ii) in the Annexure ; and].

(2) Who have rendered service under Government for not less than 20 years of which at least five years should be in the category of Assistant Engineers.

(d) % [Any person working in categories 1 or 2 in the Kerala Public Health Engineering Subordinate Service shall not be eligible for appointment as Assistant Engineer unless :—]

(1) @ [he has rendered service under Government for a total period of not less than 3 years and possesses the qualification mentioned in item (1) or in section A in item (ii) of the Annexure, or ]

(2) £ [he has rendered service under Government for a total period of not less than 7 years and possesses any diploma specified in Section B in item (ii) of the Annexure.]

4. *Promotion as Executive and Assistant Engineers*.—(a) A person who obtains the A. M. I. E. (India) Diploma after appointment as Assistant Engineer shall be eligible for promotion as Executive Engineer only after the claims of all Assistant Engineers who on the date of his obtaining the A. M. I. E. (India) Diploma, possessed the qualification mentioned in item (i) in the Annexure has been considered:

(b) † [Vacancies in the category of Assistant Engineers shall be filled up from among those in categories 1 or 2 in the Kerala Public Health Engineering Subordinate Service in the ratio of 4:1 between—]

(1) Persons possessing any of the qualifications mentioned in item (i) or in section A in item (ii) of the Annexure, and

(2) Those possessing any of the qualifications mentioned in section B in item (ii) of the Annexure or those possessing the S. M. T. Overseers certificate, every 5th vacancy being allotted to the latter and the rest to the former.

---

* As modified by Notification No. G. O. (P) 38/71/Health dated 30-1-1971.

% Substituted by Notification No. G. O. (P) 229/74/LA&SWD dated 14-10-1974.

@ As modified by Notification No. G. O. (P) 38/71/Health dated 30-1-1971.

£ As modified by Notification No. G. O. (P) 38/71/Health dated 30-1-1971.

† Substituted by Notification No. G. O. (P) 229/74/LA&SWD dated 14-10-1974.

# അനുബന്ധം 6

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി മുൻപാകെ കേരള വാട്ടർ അതോറിറ്റി ക്വാളിഫൈഡ് ഓപ്പറേറ്റിംഗ് സ്റ്റാഫ് യൂണിയൻ സമർപ്പിച്ച നിവേദനത്തിൻ മേൽ 25.02.2013 ൽ നടത്തിയ തെളിവെടുപ്പ് യോഗത്തിന്റെ അടിസ്ഥാനത്തിൽ സമിതി ലഭ്യമാക്കിയ ചോദ്യാവലിക്കുള്ള മറുപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റിയിൽ പ്രാബല്യത്തിലുള്ള ഏത് സ്പെഷ്യൽ റൂൾ പ്രകാരമാണ് ടെക്നിക്കൽ സ്റ്റാഫുകളുടെ നിയമനവും പ്രൊമോഷനുകളും നടത്തുന്നത്? | 1 | G.O(P) No.403/ dated 14.10.1966 പ്രകാരം നിലവിൽ വന്ന KPHESS സ്പെഷ്യൽ റൂൾസും തുടർന്നുള്ള ഭേദഗതികളും |
| 2 | കേരള വാട്ടർ അതോറിറ്റിയിൽ പമ്പ് ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാരാണ് ഉള്ളത്? ഇവരുടെ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ് ഏത് വർഷം തയ്യാറാക്കിയതാണ് ? | 2 | ഓപ്പറേറ്റർ തസ്തികയിലും ഹെഡ് ഓപ്പറേറ്റർ തസ്തികയിലുംകൂടി കേരള വാട്ടർ അതോറിറ്റിയിൽ 2017 പേർ ജോലി ചെയ്യുവരുന്നു. ഇവരുടെ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റ് 2013 ഏപ്രിൽ മാസം തയ്യാറാക്കിയത് പരാതി പരിഹരിച്ച ശേഷം പ്രസിദ്ധപ്പെടുത്തുന്നതാണ്. |
| 3 | 12.01.2010 ലെ ജലവിഭവ വകുപ്പിൽ നിന്നും ലഭ്യമാക്കി യിട്ടുള്ള വിവരങ്ങൾ പ്രകാരം ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്യുന്നവരുടെ പ്രൊമോഷൻ ചാനൽ താഴെപ്പറയും പ്രകാരമാണ്. ഓപ്പറേറ്റർ → ഹെഡ് ഓപ്പറേറ്റർ → മെക്കാനിക്കൽ സൂപ്രണ്ട് → മെക്കാനിക്കൽ സൂപ്രണ്ട് (HG) എന്നാൽ മെക്കാനിക്കൽ സൂപ്രണ്ട്/ മാസ്റ്റർ ഡ്രില്ലർ എന്ന തസ്തികയിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്രൊമോഷൻ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന്റെ ചാനൽ സംബന്ധിച്ച് വിശദമാക്കിയിട്ടില്ല. കാരണമെന്താണ് ? | 3 | മെക്കാനിക്കൽ സൂപ്രണ്ട് / മാസ്റ്റർ ഡ്രില്ലർ എന്നീ തസ്തികകളിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നത് KPHESS സ്പെഷ്യൽ റൂൾസ് അനുശാസിക്കുന്ന നിശ്ചിത യോഗ്യതയുള്ള മെക്കാനിക്കൽ സൂപ്രണ്ട് / മാസ്റ്റർ ഡ്രില്ലർമാരെ ഡിപ്ലോമ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ചേർത്ത് ആ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ്. എന്നാൽ ഈ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഇതുവരെ മെക്കാനിക്കൽ സൂപ്രണ്ടിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് ആർക്കും ഉദ്യോഗക്കയറ്റം ലഭിച്ചതായി കാണുന്നില്ല. അതിനാൽ പ്രൊമോഷൻ ചാനൽ വ്യക്തമാക്കിയപ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ചേർക്കാൻ വിട്ടുപോയതാണ്. ഓപ്പറേറ്റർ തസ്തികയുടെ പ്രൊമോഷൻ ചാനൽ താഴെപ്പറയും പ്രകാരമാണ്.<br>ഓപ്പറേറ്റർ → ഹെഡ് ഓപ്പറേറ്റർ → മെക്കാനിക്കൽ സൂപ്രണ്ട് → മെക്കാനിക്കൽസൂപ്രണ്ട് (HG) → അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. |
| 4 | ഡ്രില്ലർ/ഡ്രില്ലർ മെക്കാനിക്ക് എന്ന തസ്തിക നിലവിലുണ്ടോ ആയതിലേയ്ക്കുള്ള നിയമനം എന്നു മുതലാണ് നിർത്തലാക്കിയിട്ടുള്ളത്? | 4 | ഡ്രില്ലർ / ഡ്രില്ലർ മെക്കാനിക്ക് തസ്തിക നിലവിലുണ്ട്. ഈ തസ്തികകൾ വാനിഷിംഗ് കാറ്റഗറി ആയതിനാൽ മീറ്റർ റീഡറായി മാറ്റുവാനുള്ള നിർദ്ദേശം കരട് സ്പെഷ്യൽ റൂൾസിൽ പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| 5 | ഹെഡ് ഓപ്പറേറ്റർ, ഡ്രില്ലർ/ ഡ്രില്ലർ മെക്കാനിക്ക് എന്നീ തസ്തികയിൽ നിന്നും 1:1 എന്ന റേഷ്യോയിൽ മെക്കാനിക്കൽ സൂപ്രണ്ട് / മാസ്റ്റർ ഡ്രില്ലർ തസ്തികയിലേയ്ക്ക് നിലവിൽ പ്രൊമോഷൻ നൽകുന്നു എന്ന് പറഞ്ഞിട്ടുള്ളത് ഇപ്പോൾ നടക്കുന്നുണ്ടോ? | 5 | നിലവിൽ മെക്കാനിക്കൽ സൂപ്രണ്ട്/ മാസ്റ്റർ ഡ്രില്ലർ-ലെ ആകെ അനുവദിക്കപ്പെട്ട 6 തസ്തികകളിലും ഹെഡ് ഓപ്പറേറ്റർമാർക്ക് ഉദ്യോഗക്കയറ്റം നൽകി നിയമനം നടത്തിയിട്ടുണ്ട്. |
| 6 | ഓപ്പറേറ്റർ തസ്തികയുടെ യോഗ്യത SSLC പാസ്സും NIC MMV/Electrical ആണെങ്കിലും നിലവിൽ ഓപ്പറേറ്റർ തസ്തിക യിൽ ജോലി ചെയ്യുന്നവരിൽ എത്ര Diploma കാരും B.Tech കാരും M.Tech കാരും ഉണ്ട് ? | 6 | a) Diploma - 323<br>b) B.Tech - 10 .<br>C) M.Tech - 0 |
| 7 | മെക്കാനിക്കൽ സൂപ്രണ്ടിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി എത്ര പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട് ? | 7 | KPHESS സ്പെഷ്യൽ റൂൾസ് അനുശാസിക്കുന്ന നിശ്ചിത യോഗ്യതയുള്ള മെക്കാനിക്കൽ സൂപ്രണ്ട് / മാസ്റ്റർ ഡ്രില്ലർമാരെ ഡിപ്ലോമ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സീനിയോറിറ്റിയുടെ അടിസ്ഥാന-ത്തിലാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുന്നത്. പ്രസ്തുത യോഗ്യതയുള്ള മെക്കാനിക്കൽ സൂപ്രണ്ടുമാർ വളരെ കുറവായതിനാലും അവരുടെ സീനിയോറിറ്റി എത്തുന്നതിനു മുമ്പ് തന്നെ അവർ സർവ്വീസിൽ നിന്നും വിരമിക്കുന്നതിനാലും മെക്കാനിക്കൽ സൂപ്രണ്ടിൽ നിന്നും അസിസ്റ്റന്റ് എക്സി ക്യൂട്ടീവ് എഞ്ചിനീയർ ആയി ആർക്കും ഉദ്യോഗക്കയറ്റം നൽകിയിട്ടില്ല. |
| 8 | 2012 കരട് ചട്ടത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയുള്ള വിദ്യാഭ്യാസ യോഗ്യതയിൽ മാറ്റം വരുത്തിയിട്ടുണ്ടോ ? | 8 | ഉണ്ട്. എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഡിഗ്രി അധികമായി കരട് റൂളിൽ ശുപാർശ ചെയ്തിട്ടുണ്ട്. എസ്.എം.റ്റി ഓവർസിയേഴ്സ് സർട്ടിഫിക്കറ്റിന് പകരമായി എൻ.സി.വി.റ്റി. 2 വർഷത്തെ കോഴ്സ് പൂർത്തിയാകുന്ന മുറയ്ക്ക് ഡ്രാഫ്റ്റ്സ്മാൻ സിവിൽ / മെക്കാനിക്കൽ എൻ.റ്റി.സി. അല്ലെങ്കിൽ തത്തുല്യ യോഗ്യത നിഷ്കർഷിച്ചിട്ടുണ്ട്. |
| 9 | ഹെഡ് ഓപ്പറേറ്റർ തസ്തികയും മെക്കാനിക്കൽ സൂപ്രണ്ട് തസ്തികയും നേരിട്ടുള്ള നിയമനം കരട് ചട്ടങ്ങളിൽ ഒഴിവാക്കിയതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? | 9 | ഹെഡ് ഓപ്പറേറ്റർ തസ്തികയിൽ നിന്ന് ഉദ്യോഗക്കയറ്റം നൽകുന്നതിന് വേണ്ടി മെക്കാനിക്കൽ സൂപ്രണ്ട് തസ്തികയിൽ നേരിട്ടുള്ള നിയമനം ഒഴിവാക്കിയിട്ടുണ്ട്. നിലവിലുള്ള KPHESS സ്പെഷ്യൽ റൂൾസിലും കരട് സ്പെഷ്യൽ റൂൾസിലും ഹെഡ് ഓപ്പറേറ്റർ തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം പ്രതിപാദിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| 10 | 30.03.2012 തീയതിയിൽ പ്രസിദ്ധീകരിച്ച ഓപ്പറേറ്റർ / ഹെഡ് ഓപ്പറേറ്റർ തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ അപാകതകളുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ? | 10 | ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ കഴിവതും പരിഹരിച്ച് പുതിയ പ്രൊവിഷണൽ ലിസ്റ്റ് 2013 ഏപ്രിലിൽ പ്രസിദ്ധീകരിച്ചത് പരാതി പരിഹരിച്ച ശേഷം വീണ്ടും പ്രസിദ്ധപ്പെടുത്തു ന്നതാണ്. |
| 11 | മാസ്റ്റർ ഡ്രില്ലർ/ ചീഫ് ഡ്രില്ലർ/ മെക്കാനിക്കൽ സൂപ്രണ്ട് എന്നിവ സമാന തസ്തികകളാണ്. അതിൽ 3 മാസ്റ്റർ ഡ്രില്ലർ തസ്തിക അസിസ്റ്റന്റ് എഞ്ചിനീയറായി കൺ വെർട്ട് ചെയ്യാൻ പുതിയ കരട് റൂളിൽ നിർ-ദ്ദേശിക്കുമ്പോൾ മെക്കാനിക്കൽ സൂപ്രണ്ടി നെ ഒഴിവാക്കി യതിന് കാരണമെന്ത് ? | 11 | ഇപ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് മാസ്റ്റർ ഡ്രില്ലർ, ചീഫ് ഡ്രില്ലർ എന്നീ പോസ്റ്റുകൾ ആവശ്യം ഇല്ലാത്തതി നാൽ പ്രസ്തുത തസ്തികകളിലെ 3 പോസ്റ്റുകൾ മെക്കാനിക്കൽ സൂപ്രണ്ട് ആയി കൺ വെർട്ട് ചെയ്യുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ നൽകിയ നിർ ദ്ദേശം സർക്കാരിന്റെ പരിശോധ നയിലാണ്. |
| 12 | 04.02.2009 ലെ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ മെക്കാനിക്കൽ സൂപ്രണ്ട് തസ്തിക അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയ്ക്ക് തുല്യമായിരുന്നുവെന്നും പേ റിവിഷനിൽ വന്ന അപാകത മൂലം മെക്കാനിക്കൽ സൂപ്രണ്ട് ഹയർ ഗ്രേഡ് ആണ് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയ്ക്ക് തുല്യമെന്നും വാട്ടർ അതോറിറ്റി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സമിതി മുമ്പാകെ പറഞ്ഞിരുന്നു. പുതിയ കരട് ചട്ടങ്ങളിൽ മാസ്റ്റർ ഡ്രില്ലർ തസ്തിക അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയായി കൺവെർട്ട് ചെയ്യാൻ തീരുമാനി ച്ചിട്ടുണ്ടെങ്കിൽ മെക്കാനിക്കൽ സൂപ്രണ്ടുമാരെ ഒഴിവാക്കിയതിന് കാരണമെന്ത്? | 12 | മാസ്റ്റർ ഡ്രില്ലർ തസ്തിക അസിസ്റ്റന്റ് എഞ്ചിനീയറായി കൺ വെർട്ട് ചെയ്യാൻ നേരത്തെ ലഭ്യമാക്കിയ ശുപാർശ പ്രകാരം ഉദ്ദേശിച്ചിരുന്നത് പ്രസതുത തസ്തികകൾ അസിസ്റ്റന്റ് എഞ്ചിനീയറാക്കിയതിനു ശേഷം പി.എസ്.സി. വഴിയോ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I-ൽ നിന്നും ഉദ്യോഗക്കയറ്റം വഴിയോ നികത്തുവാനാണ്. എന്നാൽ മാസ്റ്റർ ഡ്രില്ലർ തസ്തികയുടേയും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയുടേയും ശമ്പള സ്കെയിലുകൾ തുല്യമല്ലാത്തതിനാൽ മാസ്റ്റർ ഡ്രില്ലർ തസ്തികകൾ സമാന തസ്തികയായ മെക്കാനിക്കൽ സൂപ്രണ്ട് ആയി കൺ വെർട്ട് ചെയ്യാനുള്ള നിർ ദ്ദേശം കരട് സ്പെഷ്യൽ റൂൾസിൽ പരിശോധനയിലാണ്. |
| 13. | മിനിസ്റ്റീരിയൽ സ്റ്റാഫിൽ ഉൾ പ്പെട്ട ക്ലറിക്കൽ തസ്തികയുടെ യോഗ്യത ഡിഗ്രിയായി ഉയർത്തിയിട്ടുണ്ട്. എന്നാൽ ഹെഡ് ഓപ്പറേറ്റർ/ മെക്കാനി ക്കൽ സൂപ്രണ്ട് എന്നിവരുടെ കാര്യത്തിൽ ഇതു പോലെ യോഗ്യത ഉയർത്താത്തത് അവരുടെ പേ സ്കെയിലുകൾ താഴുന്നതിന് കാരണമാകുകയില്ലേ? | 13 | KPHESSSR നിഷ്കർഷിച്ചിട്ടുള്ള എൻ.റ്റി.സി. തന്നെ യാണ് ഇപ്പോഴും ശുപാർശ ചെയ്തിട്ടുള്ളത്. ഓരോ തസ്തികയ്ക്കും ആവശ്യമായ വിദ്യാഭ്യാസ യോഗ്യത യുടെ അടിസ്ഥാനത്തിലാണ് ശമ്പളം നിശ്ചയിക്കുന്നത്. |
| 14 | കേരള വാട്ടർ അതോറിറ്റി യിൽ നിലവിൽ എത്ര എ.ഇ (ഇലക്ട്രിക്കൽ) മാരുടെ പോസ്റ്റുണ്ട്? അതിൽ നിയമനം നടത്തി യിട്ടുണ്ടോ? (സിവിൽ/മെക്കാനിക്കൽ/ | 14 | കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള 2 ഇലക്ട്രിക്കൽ എഞ്ചിനീ യർമാരുടെഒഴിവുകളിൽ എംപ്ലോയ് മെന്റ് എക്സ് ചേഞ്ച് വഴി താത്ക്കാലി കാടിസ്ഥാനത്തിൽ നിയമനം നടത്തി യിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ Electrical Wing |

എൺവയോൺ മെന്റൽ/ കെമിക്കൽ) എന്നീ എ.ഇ. മാരാണ് നിലവിലുള്ളത്. നിലവിലുള്ള എല്ലാ പമ്പുകളും വൈദ്യുതി മൂലം പ്രവർത്തി ക്കുന്നതിനാൽ ഇലക്ട്രിക്കൽ എ.ഇ മാരുടെ ആവശ്യമില്ലേ ? HT &EHT installation ഉള്ളിടത്ത് ഇലക്ട്രിക്കൽ എ.ഇ. മാരുടെ സേവനം ആവശ്യമാണെന്ന് ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്നും ഇറക്കിയ സർക്കലറിൽ തന്നെ പ്രസ്താവിച്ചിട്ടുണ്ട്.)

Strengthen ചെയ്യുന്നതിനുള്ള നിർ ദ്ദേശം സർക്കാരി ലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ച വരുന്നു എന്ന് അറിയിച്ചിട്ടുണ്ട്.

15 Electrician /Draftsman എന്നിവർക്ക് സബ് എഞ്ചിനീയറായും തുടർന്ന് എ.ഇ. യായും പ്രൊമോഷൻ സാധ്യതകളുണ്ട്. എന്നാൽ സമാന യോഗ്യതയും സമാന തസ്തികയിലുമുള്ള ഓപ്പറേറ്റർമാരെ ഈ ചാനലിൽ നിന്നും ഒഴിവാക്കിയതിനുള്ള കാരണമെന്താണ് ?

15 നിലവിലുള്ള special rules പ്രകാരം ഓപ്പറേറ്റർമാരുടെ പ്രൊമോഷൻ ചാനൽ താഴെപ്പറയുന്ന പ്രകാരമാണ്.

ഓപ്പറേറ്റർ

↓

ഹെഡ് ഓപ്പറേറ്റർ

↓

മെക്കാനിക്കൽ സൂപ്രണ്ട്

↓

മെക്കാനിക്കൽ സൂപ്രണ്ട് (HG)

↓

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

മെക്കാനിക്കൽ സൂപ്രണ്ട് (HG) ന് അസിസ്റ്റന്റ് എഞ്ചിനീയറുടേതിന് സമാനമായ ശമ്പള സ്കെയിലാണ്. യോഗ്യതയുള്ള മെക്കാനിക്കൽ സൂപ്രണ്ട് മാരെ ഡിപ്ലോമ ക്വാട്ടയിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ചേർക്കാറുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായുള്ള അവരുടെ സ്ഥാനക്കയറ്റം കണക്കാക്കുന്നത് ഈ പൊതു സീനിയോറിറ്റി ലിസ്റ്റിൽ നിന്നാണ്.